വാരാദ്യ മാധ്യമം
varadyam@madhyamam.in



നടന്നുതീരാത്ത മരുവഴികൾ 04




ചിത്രീകരണം: വിനീത് എസ്. പിള്ള

**വലിയ പന്തുകളിക്കാരനായി സ്വന്തം നാട് തന്നിലൂടെ ലോകമറിയുന്നത് സ്വപ്നംകണ്ട കൗമാരക്കാരനുണ്ടായിരുന്നു ചൊവ്വൂർ ഗ്രാമത്തിൽ. കളിക്കുപ്പായവും കളിച്ചുനേടിയ സമ്മാനങ്ങളും ബാക്കിയാക്കി അഫീൽ ജോൺസൺ മറഞ്ഞപ്പോൾ ജീവിതത്തിലെ ഏക പ്രതീക്ഷ നഷ്ടപ്പെട്ട മാതാപിതാക്കൾ അവനിലൂടെ അനാഥരായി. ഹാമർ വീണ് തലതകർന്ന് വിദ്യാർഥി മരിച്ചത് ട്രാക്കിലെയും ഫീൽഡിലെയും ആദ്യത്തെ അപകടമായിരുന്നില്ല. അവസാനത്തേതുമായില്ല...**

# കണ്ണുറങ്ങാത്ത കൂട്ടിൽ

കെ.പി.എം. റിയാസ്

കോട്ടയം മൂന്നിലവ് ചൊവ്വൂർ ഗ്രാമത്തിൽ വലിയ പാറക്കെട്ടുകൾക്കു കീഴെ കരിങ്കൽ കഷണങ്ങൾ പൊങ്ങിനിൽക്കുന്ന നാട്ടുവഴി. ആൾപ്പാർപ്പില്ലെന്ന് ഒറ്റനോട്ടത്തിൽ തോന്നുമെങ്കിലും താഴേക്ക് തൂങ്ങിയാടുന്ന വള്ളികൾക്കും മരച്ചില്ലകൾക്കുമിടയിലൂടെ മുന്നോട്ടുനടന്നാൽ ചെന്നെത്തുക ഒരു വീടിന് മുന്നിലാണ്. വരാന്തയിൽ ബൂട്ടുകൾ കഴുകി നിരത്തിവെച്ചിരിക്കുന്നത് കണ്ടാലറിയാം ഫുട്ബാൾ താരത്തിന്റെ വീടാണെന്ന്. വലിയ കളിക്കാരനായി സ്വന്തം നാട് തന്നിലൂടെ ലോകമറിയുന്നത് സ്വപ്നം കണ്ട കൗമാരക്കാരൻ ഏതാനും ദിവസം മുമ്പ് ഈ കൂട്ടിൽനിന്ന് പറന്നുപോയി. അഫീൽ ജോൺസന്റെ നാടെന്ന മേൽവിലാസം ചൊവ്വൂരിന് കിട്ടിയത് അവനറിഞ്ഞിട്ടില്ല. മധ്യവയസ്സിലേക്ക് പ്രവേശിക്കാനിരിക്കെ മകനിലൂടെ അനാഥരാവേണ്ടി വന്ന രണ്ടുപേരുടെ കണ്ണിലെ ചോരത്തുള്ളികളാണ് അഫീലിപ്പോൾ.

## 2019 ഒക്ടോബർ നാല് വെള്ളിയാഴ്ച

എല്ലാ ദിവസത്തെയുംപോലെ രാവിലെ വീട്ടിൽനിന്നിറങ്ങുകയാണ് അഫീൽ എന്ന സോനു. പാലാ മുനിസിപ്പൽ സ്റ്റേഡിയത്തിൽ സംസ്ഥാന ജൂനിയർ അത്‌ലറ്റിക് മീറ്റ് നടക്കുന്നു. വളൻറിയർമാർ ഏഴു മണിക്ക് റിപ്പോർട്ട് ചെയ്യണം. അടുക്കളയിൽ തിരക്കിലായിരുന്ന അമ്മയോടും പറമ്പിൽ ജോലി ചെയ്തുകൊണ്ടിരുന്ന പപ്പായോടും യാത്ര പറഞ്ഞു. എത്തുന്ന സമയം ഏകദേശം നോക്കി അഫീലിനെ ഡാർലി അങ്ങോട്ടുവിളിക്കാറാണ്. അന്ന് പക്ഷേ അതുണ്ടായില്ല. ഉച്ചക്ക് 12.35 ആയിക്കാണും. അഫീലിന്റെ ഫോണിൽനിന്ന് അമ്മക്ക് കാൾ. പതിവുപോലെ 'എന്നാടാ' എന്ന് ചോദിച്ച് ഡാർലി ഫോൺ ചെവിയോട് ചേർത്തു. അഫീലിന്റെ ശബ്ദമല്ല, കൂട്ടുകാർ ആരോ ആണ്. പപ്പാക്ക് കൊടുക്കാനാണ് പറയുന്നത്. സംസാരം അവസാനിപ്പിക്കുമ്പോഴേക്ക് ജോൺസന്റെ കൈകൾ വിറക്കാൻ തുടങ്ങിയിരുന്നു.

പെട്ടെന്ന് വസ്ത്രം മാറി ആശുപത്രിയിലേക്ക്. ഇടക്ക് വീണ്ടും കാൾ വന്നു. ബന്ധുക്കളെ ആരെയെങ്കിലും കൂടെ കൂട്ടാൻ പറഞ്ഞു. കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിലെത്തുമ്പോൾ കാണുന്നത് സ്ട്രെച്ചറിൽ കിടത്തി സ്കാനിങ് റൂമിലേക്ക് കൊണ്ടുപോവുന്ന അഫീലിനെയാണ്. തലയിൽ വലിയ കെട്ടുണ്ട്. ഒരു കണ്ണ് പുറത്തേക്ക് തള്ളിയിരിക്കുന്നു. കൂടുതൽ നേരം കാണാനൊന്നും സമ്മതിച്ചില്ല. മെഡിക്കൽ കോളജ് ആശുപത്രിയിലെ 25ാം വാർഡിന് സമീപത്തെ ന്യൂറോ ഐ.സി.യുവിന് മുന്നിൽ ആ വൈകുന്നേരം തുടങ്ങിയതാണ് കാത്തിരിപ്പ്. അകത്തേക്ക് കടക്കാൻ അനുമതി കിട്ടിയാൽ ജോൺസണും ഡാർലിയും അടുത്ത് ചെല്ലും. തൊടുമ്പോൾ ചെറിയ അനക്കമുണ്ടായിരുന്നു. പേര് വിളിച്ചാൽ ഞെട്ടുന്നതുപോലെ തോന്നി പലപ്പോഴും. കണ്ണ് തുറന്ന് അമ്മേയെന്നൊരു വിളി വരുന്ന നിമിഷത്തിന് വേണ്ടിയായിരുന്നു ഡാർലിയുടെ പ്രാർഥനകളത്രയും.

കൂട്ടുകാരും ബന്ധുക്കളും നാട്ടുകാരും അറിയുന്നവരും അറിയാത്തവരുമൊക്കെ വന്നുപോവുന്നുണ്ട്. അര മണിക്കൂർ ഇടവിട്ട് ഐ.സി.യുവിലെത്തുന്ന ഡോക്ടർമാർ പുറത്തിറങ്ങുമ്പോൾ പ്രതീക്ഷയോടെ നോക്കും. അവന് ബോധം തെളിഞ്ഞെന്നൊരു വാക്ക് അവരിൽനിന്ന് കേൾക്കാൻ കൊതിച്ചു. ഒന്നും പറയാറായില്ലെന്ന ഡോക്ടർമാരുടെ മറുപടി ഓരോ നാളും ആവർത്തിച്ചുകൊണ്ടിരിക്കെ എല്ലാം ദൈവത്തിലർപ്പിച്ചു കണ്ണുനട്ടിരുന്നു. രക്തസമ്മർദം സാധാരണ നിലയിലാകുകയും മരുന്നുകളോട് പ്രതികരിക്കുകയും ചെയ്തതോടെ പ്രതീക്ഷവന്നു. 17 ദിവസത്തെ കാത്തിരിപ്പ് പക്ഷേ, ഒക്ടോബർ 21ന് വൈകീട്ട് മൂന്നേമുക്കാലോടെ എന്നന്നേക്കുമായി അവസാനിച്ചു. അത്രയേറെ ഗുരുതരമായിരുന്നു പരിക്കുകൾ. മൂന്നു കിലോ ഗ്രാം ഭാരമുള്ള ഹാമറാണ് വൻ വേഗത്തിൽ വന്ന് നെറ്റിയുടെ ഇടതുഭാഗത്ത് പതിച്ചത്. തലയോട്ടി ഉള്ളിലേക്ക് കയറി തലച്ചോറിന് ക്ഷതമേറ്റിരുന്നു.

## അച്ഛനുമമ്മയുമല്ലാതായവർ പറഞ്ഞ കഥകൾ

ചൊവ്വൂർ കുറിഞ്ഞംകുളം ജോൺസൺ ജോർജ്-ഡാർലി ദമ്പതികൾക്ക് ഒരേയൊരു കൺമണിക്ക് ജന്മം നൽകാനേ ഭാഗ്യമുണ്ടായുള്ളൂ. കുഞ്ഞിന് പേര് തേടിയപ്പോൾ ജോൺസന്റെ കസിനാണ് അഫീൽ എന്ന് നിർദേശിച്ചത്. പ്രകാശം എന്നത്രെ അർഥം. അവൻ ജീവിതത്തിലുടനീളം പ്രകാശമേകുന്ന നക്ഷത്രമായി ജ്വലിച്ചുനിൽക്കട്ടെയെന്ന് അദ്ദേഹം ആശംസിച്ചു. സോനു എന്നാണ് വീട്ടിൽ വിളിച്ചിരുന്നത്. അവനൊപ്പം മുറ്റത്ത് ഓടിക്കളിക്കുകയും തോളിലിരുത്തി കാഴ്ചകൾ കാണിക്കാൻ കൊണ്ടുപോവുകയും ഇഷ്ടങ്ങൾക്കെല്ലാം കൂട്ടേകുകയും ചെയ്ത പപ്പായോടായിരുന്നു അൽപം അടുപ്പക്കൂടുതൽ. വീട്ടിലുള്ള സമയം അടുക്കളയിൽ അമ്മയെ സഹായിക്കുകയും വയ്യാതെ കിടക്കുന്ന അമ്മമ്മക്ക് കൂട്ടിരിക്കുകയും ചെയ്യും. അഞ്ച് വയസ്സായപ്പോൾ സെൻറ് മാത്യൂസ് സി.എസ്.ഐ ചർച്ചിലെ 'ക്വയറി'ൽ പാടാൻ തുടങ്ങി. മുത്തച്ഛൻ ജോർജും അച്ഛൻ ജോൺസണും അമ്മ ഡാർലിയും പിതൃസഹോദരനും ഭാര്യയുമെല്ലാം ഗായകസംഘത്തിലുണ്ട്.

ആരാവാനാണ് ആഗ്രഹമെന്ന് ചോദിച്ചവരോടെല്ലാം ഫുട്ബാൾ താരമെന്ന് ഒറ്റയടിക്ക് മറുപടി. പ്ലേ സ്കൂൾ മുതൽ 10 വരെ മൂന്നിലവ് നവജ്യോതി ഇംഗ്ലീഷ് മീഡിയത്തിലായിരുന്നു പഠനം. അഞ്ചാം ക്ലാസ് മുതൽ ഫുട്ബാളിൽ ശ്രദ്ധിച്ചു. പിന്നെ വോളിബാളും ക്രിക്കറ്റും കരാട്ടേയുമെല്ലാം കൂടെയുണ്ടായിരുന്നു. മൂന്നിലവ് ഫുട്ബാൾ ക്ലബിലും വൈ.എം.സി ചൊവ്വൂർ വോളിബാൾ ടീമിന്റെയും താരമായി. ഫുട്ബാളിൽ ഏത് പൊസിഷനിലാണ് കളിച്ചിരുന്നതെന്ന ചോദ്യത്തിന് മറുപടി നൽകിയത് അമ്മയാണ്. "ഫോർവേഡായും മധ്യനിരയിലും ഇറക്കിയിരുന്നു. ഓൾ റൗണ്ടറായിരുന്നു കുഞ്ഞ്." വൈ.എം.സി ടീമിനുവേണ്ടി പരിശീലനത്തിന് പോവുമ്പോൾ പലപ്പോഴും ജോൺസണുമുണ്ടാവും കൂടെ. പപ്പായുടെ സ്മാഷുകൾ പ്രതിരോധിച്ച് അഫീൽ വോളിയിലും സജീവമായി. വോളി മാത്രമല്ല കരാട്ടേയിലും കുങ്ഫുവിലും മിടുക്കുണ്ട് ജോൺസണ്.

ഡാർലി തുടരുകയാണ്: "പ്രായത്തിൽ കവിഞ്ഞ പക്വതയുണ്ടായിരുന്നു. വീട് പണി നടക്കുമ്പോൾ അവനും കൂട്ടുകാരുമാണ് കട്ടകൾ കൊണ്ടുവന്നത്. നെയ്മറായിരുന്നു സോനുവിന്റെ ഇഷ്ടതാരം. ടീം ബ്രസീലും. രാത്രി വൈകിയും ഇരുന്ന് കളി കാണും. പാലാ മുനിസിപ്പൽ സ്റ്റേഡിയത്തിൽ കേരള ബ്ലാസ്റ്റേഴ്സ്- സ്കോർലൈൻ സെലക്ഷൻ ക്യാമ്പിനെത്തിയ പോർച്ചുഗീസ് കോച്ച് പെട്രോക്ക് സോനുവിന്റെ കളി ഇഷ്ടപ്പെട്ടു. രണ്ടുപേരെ തെരഞ്ഞെടുത്തിട്ടുണ്ടെന്നും ഒരാൾ അവനാണെന്നും വീട്ടിൽ പറഞ്ഞിരുന്നു. അതു പക്ഷേ, പ്രഖ്യാപിക്കുന്നതിന് മുമ്പേ കുഞ്ഞ് പോയി. ക്യാമ്പിൽ പങ്കെടുത്തതിന് ചില സർട്ടിഫിക്കറ്റുകൾ കിട്ടാനുണ്ട്. തരാനാവശ്യപ്പെട്ടിട്ടുണ്ട്. ബൂട്ടുകളൊക്കെ ഞാൻ കഴുകിവെച്ചിട്ടുണ്ട്. ജഴ്സികളും ഷോർട്ട്സുമെല്ലാം ഇതാ ഇവിടെയിരിപ്പുണ്ട്. ഇനി ഞങ്ങൾക്ക് അതൊക്കെയല്ലേ ഉള്ളൂ ബാക്കി."

രാത്രി രണ്ടാളും കൂടി തോട്ടിൽ മീൻ പിടിക്കാൻ പോവുന്ന പതിവുണ്ടെന്ന് ജോൺസൻ. അവിടെ ഒരു പാറയുണ്ട്. അതിന്മേൽ കയറി കുറേ നേരം ആകാശത്തേക്ക് നോക്കിക്കിടന്ന് അഫീൽ കഥകൾ പറയും. സ്കൂളിലെ വിശേഷങ്ങളും സ്വപ്നങ്ങളുമൊക്കെ ഒരു കൂട്ടുകാരനോടെന്ന കണക്കെ. "വലിയ ഫുട്ബാളറാവണമെന്ന് ആഗ്രഹമുണ്ട് പപ്പാ. പക്ഷേ, നിങ്ങളെ വിട്ടുപോവുന്നതോർക്കുമ്പോ വേണ്ടാന്ന് തോന്നുന്നു." ഇതു കേട്ടാൽ ജോൺസൻ തിരുത്തും. ഭാവിയല്ലെടാ നോക്കേണ്ടത്. സെൻറിമെൻറ്സെല്ലാം അതും കഴിഞ്ഞിട്ട് മതി. പാലാ ഗ്രൗണ്ടിൽ അഫീൽ കളിക്കുമ്പോൾ പപ്പായും അമ്മയും ഗാലറിയിലുണ്ടാവും. ദൂരെ നിന്ന് ആളെ മനസ്സിലാവില്ല. ബൂട്ടിന്റെ നിറം നോക്കിയാണ് കണ്ടുപിടിക്കുക. ചെറിയ കാലുമായി അവൻ ഓടുന്നത് കാണാം.




മാതാപിതാക്കൾ അഫീലിന്റെ ബൂട്ടും ജഴ്സിയുമായി

## ആദ്യത്തേതല്ല, അവസാനത്തേതുമായില്ല...

ഹാമർ വീണ് തല തകർന്ന് 17ാം വയസ്സിൽ അഫീൽ മരിച്ചു. അത്‌ലറ്റിക് ട്രാക്കിലെ ആദ്യ അപകടമായിരുന്നില്ല അത്, അവസാനത്തേതുമായില്ല. 1997ൽ എറണാകുളം കല്ലൂർക്കാട് സ്കൂൾ ഗ്രൗണ്ടിന് സമീപം ക്രിക്കറ്റ് കളിക്കുകയായിരുന്ന എട്ടാം ക്ലാസ് വിദ്യാർഥി പ്രദീപിന്, ഹാമർ തലയിൽ പതിച്ചാണ് ജീവൻ നഷ്ടമായത്. 2008ൽ ഇടുക്കി തൊടുപുഴയിൽ സ്കൂൾ ഗ്രൗണ്ടിൽ കളിക്കുന്നതിനിടെ ജാവലിൻ തലയിൽ തറച്ചു 12 കാരൻ അബിൻ ജലീൽ മരിച്ചു. മലപ്പുറം എടക്കരയിൽ ഹാമർ തലയിൽ വീണ് വിദ്യാർഥിനിക്ക് ഗുരുതരമായി പരിക്കേറ്റതും 2008ൽ. 2011ൽ കൊല്ലത്ത് ഹൈജംപിന്റെ ക്രോസ് ബാറായി വെച്ചിരുന്ന ജാവലിൻ സ്റ്റിക്ക് കണ്ണിൽ തറച്ച് വിദ്യാർഥിയുടെ ഇടതുകണ്ണിന്റെ കാഴ്ച പോയി.

അഫീലിന്റെ മരണം നടന്ന് ഏതാനും ദിവസങ്ങൾ മാത്രം പിന്നിട്ടപ്പോൾ വീണ്ടും അപകടങ്ങൾ. കോഴിക്കോട്ട് ഹാമറിന്റെ കമ്പി പൊട്ടി വിദ്യാർഥിയുടെ കൈയിലിടിച്ച് വിരലിന് മുറിവേറ്റു. ഭാരം കൂടിയ ഹാമറാണ് അന്ന് ഉപയോഗിച്ചതെന്ന് പരാതി ഉയർന്നു. എറണാകുളത്ത് ഓട്ടത്തിനിടെ വീണ വിദ്യാർഥി ശ്രദ്ധ കിട്ടാതെ ഗ്രൗണ്ടിൽ കിടന്നത് അര മണിക്കൂറാണ്. കുട്ടികളെ ഗ്രൗണ്ടിൽ വളൻറിയർമാരായി നിയോഗിക്കുന്നത് ഇപ്പോഴും തുടരുന്നു. ടെക്നിക്കൽ ഒഫീഷ്യലുകൾ അല്ലാതെ ആരെയും മത്സരസമയത്ത് ട്രാക്കിലും ഫീൽഡിലും പ്രവേശിപ്പിക്കാതിരിക്കുക, ഗ്രൗണ്ടിൽ പരിശീലനം ലഭിച്ച സപ്പോർട്ടിങ് ഒഫീഷ്യലുകളെ നിയോഗിക്കുക, ഒരേ സമയം ഒന്നിലധികം ത്രോ ഇനങ്ങൾ നടത്താതിരിക്കുക തുടങ്ങിയ നിർദേശങ്ങൾ നടപ്പായാൽ അപകടങ്ങൾ ഒരു പരിധി വരെ ഒഴിവാക്കാം.

## അങ്ങനെയെത്രയെത്ര ചോദ്യങ്ങൾ

അഫീലിന്റെ ദുരന്തം ലോകത്തൊരു കുഞ്ഞിനുമുണ്ടാവരുതെന്ന നിർബന്ധമുണ്ട് ഡാർലിക്കും ജോൺസണും. നീതി കിട്ടാൻ ഏതറ്റംവരെയും പോവും. ഇത്രേം നാളായിട്ടും എപ്പോൾ, എങ്ങനെ സംഭവിച്ചെന്ന് ആരും തങ്ങളോട് പറഞ്ഞിട്ടില്ല. പരിക്കിന്റെ സ്വഭാവവും കേട്ടറിവേയുള്ളൂ. അഫീൽ വളൻറിയറായിരുന്നില്ല എന്നൊക്കെ ഇപ്പോൾ പറഞ്ഞുകേൾക്കുന്നുണ്ട്. പിന്നെന്തിനാണ് അവൻ രാവിലെത്തന്നെ വീട്ടിൽ നിന്ന് പോയത്? ജാവലിനെടുക്കാൻ നിർത്തിയത് ആരാണ്? വെറുതെ ഒരാളെ സംസ്ഥാന മത്സരം നടക്കുന്ന മൈതാനത്തേക്ക് കടത്തിവിടുമോ? -രണ്ടുപേർക്കും ചോദ്യങ്ങൾ ഒരുപാടുണ്ട്. പാലാ ഗ്രൗണ്ടിന്റെ മുക്കും മൂലയും മനപ്പാഠമാണവന്. അവധിക്കാലത്ത് സ്ഥിരമായി കളിക്കുന്ന സ്ഥലം. അവിടെവെച്ചുതന്നെ...

കുറ്റവാളികളെ നിയമത്തിന് മുന്നിൽ കൊണ്ടുവരണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രിക്കും കായിക മന്ത്രിക്കും നിവേദനം നൽകിയിട്ടുണ്ട് മാതാപിതാക്കൾ. നാട്ടുകാർ ആക്ഷൻ കമ്മിറ്റിയുണ്ടാക്കി. കർഷകനാണ് ജോൺസൻ. വലിയ വരുമാനമൊന്നുമില്ല. ഏക ആശ്രയമായിരുന്ന മകൻ മരിച്ചതിനാൽ അച്ഛനോ അമ്മക്കോ ജോലി നൽകണമെന്ന് വാർഡ് മെംബർ വി.കെ. മനോജും സംഘവും മന്ത്രിമാരെ കണ്ട് അഭ്യർഥിച്ചിട്ടുണ്ട്. ഡാർലിയും ജോൺസനും സോനുവിനെപ്പറ്റി നിർത്താതെ സംസാരിക്കുകയാണ്. "ഇതാ ഈ മുറ്റത്ത് രാവിലെ നേരത്തേ എണീറ്റ് ഓടിക്കൊണ്ടിരിക്കും പപ്പായും മോനും. ബോഡി ഫിറ്റാക്കണം. സിക്സ് പാക്ക് വേണം. കുഞ്ഞിന്റെ ആഗ്രഹങ്ങളായിരുന്നു" ഡാർലിയുടെ കണ്ണുകൾ നിറഞ്ഞൊഴുകാൻ തുടങ്ങിയിട്ടുണ്ട്. ജഴ്സിയും ഷോർട്ട്സും നെഞ്ചോട് ചേർത്ത് പിടിച്ചിരിക്കുകയാണിപ്പോഴും. വീടിനുള്ളിൽ കിടക്കുന്ന പന്തിനകത്തിപ്പോൾ അഫീലിന്റെ ശ്വാസമാണ്. പള്ളിയിലെ ക്വയറിൽ അഫീൽ പാടുന്നത് വിഡിയോ എടുത്ത് മൊബൈലിൽ സൂക്ഷിക്കുന്ന ഡാർലിയും ജോൺസനും ഇടക്കിടെ അതെടുത്ത് അവന്റെ ശബ്ദം കേട്ടുകൊണ്ടിരിക്കും. മറ്റാരേക്കാളും ഉച്ചത്തിൽ അവൻ പാടുകയാണ്:

"വേഗം നാം ചേർന്നീടും ഭംഗിയേറിയ ആ തീരത്ത്..."

●

**കേട്ടറിവിനേക്കാൾ വലുതാണ് കരിംജീരകത്തിന്റെ കരുത്ത്**

ആരോഗ്യകാര്യത്തിൽ ഒരൽപ്പം ശ്രദ്ധ കൊടുക്കുന്ന മലയാളിക്ക് കരിംജീരകം ഓയിലിന്റെ ഗുണങ്ങൾ നന്നായറിയാം. ചർമ്മ സംരക്ഷണത്തിലൂടെയും രോഗ പ്രതിരോധശേഷിയിലൂടെയും കരിംജീരകം ഓയിൽ ശരീരത്തിന് നൽകുന്ന കരുത്ത് വളരെ വലുതാണ്. ഗുണമേന്മയേറിയതും സംശുദ്ധവുമായ **സഫ കരിംജീരകം ഓയിൽ** ഉപയോഗിക്കാം ആരോഗ്യമുള്ള ശരീരത്തെ കൂടെ നിർത്താം

Safa™
www.safahoney.com

**കരിംജീരകം ഓയിലിന്റെ ഗുണങ്ങൾ**
- ശരീര ഭാരം നിയന്ത്രിക്കുന്നു
- ചർമ്മ കോശങ്ങളെ മെച്ചപ്പെടുത്തുന്നു
- കാൻസർ, ഡയബറ്റിസ് രോഗികൾക്ക് അത്യുത്തമം
- രോഗപ്രതിരോധ ശേഷി ഉയർത്തുന്നു

FOR TRADE ENQUIRY:
91 08 08 33 33
sales@safahoney.com

USDA ORGANIC · NON GMO · GLUTEN FREE · HALAL · CERTIFIED KOSHER · cGMP

ALSO AVAILABLE ON
amazon & Flipkart

# 19/2, Mango Garden Layout, Kanakapura Road, Bangalore. INDIA



# മധുരം കിനിയുന്ന കാവ്യലോകം

എൻ.കെ. ശമീർ



പി.ടി. അബ്ദുറഹിമാൻ

മലയാളികളുടെ സർഗാത്മകമണ്ഡലത്തിൽ നിരവധി അനശ്വരഗീതങ്ങൾ സമ്മാനിച്ച് ഒരവധൂതനെപോലെ കടന്നുപോയ പ്രതിഭാധനനായ കവിയാണ് പി.ടി. അബ്ദുറഹിമാൻ (വടകര). ഈണങ്ങളുടെ ശാലീനതകൊണ്ടും പദവിന്യാസങ്ങളിലെ അപൂർവ കിലുക്കങ്ങൾ കൊണ്ടും ബിംബകൽപനകളിലെ ഇന്ദ്രജാലം കൊണ്ടും മലയാളത്തിലെ മറ്റു കവികളിൽനിന്ന് പി.ടി.വ്യതിരിക്തമായി ഉയർന്നുനിൽക്കുന്നു. മലയാളികളുടെ ഗൃഹാതുരതകളെ തഴുകിത്തലോടിയ നിരവധിഗാനങ്ങളുണ്ട് നമുക്ക്. ഇതിലേറെയും ചലച്ചിത്ര മണ്ഡലം നമുക്ക് സമ്മാനിച്ചതാണ്. കെ.പി. കുമാരൻ സംവിധാനം ചെയ്ത് 1979ൽ പ്രദർശനത്തിനെത്തിയ 'തേൻതുള്ളി' എന്ന ചിത്രത്തിൽ പി.ടി എഴുതിയ ഗാനമാണ് 'ഓത്തുപള്ളിയിലന്നു നമ്മൾ പോയിരുന്ന കാലം' എന്ന അനശ്വര ഗാനം. മലയാളികളുടെ ഗൃഹാതുര സ്മൃതികളെ ഇത്രമേൽ പൊലിപ്പിച്ച മറ്റൊരു ഗാനമില്ല. ഓർമകളുടെ അപാരതീരങ്ങളിലേക്കാണ് ആ വിശ്രുത ഗാനം നമ്മെ കൊണ്ടുപോയത്. വി.ടി. മുരളിയെന്ന ഗായകനെ ആസ്വാദക വൃന്ദത്തിൽ അടയാളപ്പെടുത്തിയ ഗാനം കൂടിയാണത്. ഇന്നും വി.ടി മുരളി നമ്മുടെ സാംസ്കാരിക മണ്ഡലത്തിൽ സമ്മതനാവുന്നത് ഈ പാട്ടിലൂടെയാണ്.

"കാട്ടിലെ കോളാമ്പിപ്പൂക്കൾ
നമ്മളെ വിളിച്ചൂ,
കാറ്റുകേറും കാട്ടിലെല്ലാം
നമ്മളും കുതിച്ചു..
കാലമാമിലഞ്ഞിയെത്ര
പൂക്കളെ പൊഴിച്ചു,
കാത്തിരിപ്പും മോഹവും
ഇന്നെങ്ങനെ പിഴച്ചു."

കാവ്യരൂപങ്ങളാൽ നിരന്നു പൊലിക്കുന്ന കാൽപനികതയാണ് പി.ടി ഗാനങ്ങളുടെ പ്രത്യേകത. ഇതു പോലെ കവി ഉപയോഗിക്കുന്ന ഉപമകളും ഉൽപ്രേക്ഷകളും ഈ കാവ്യത്തിൽ നിരനിരയായെത്തുന്ന ബിംബമാലികകളും ശ്രദ്ധിച്ചാലറിയാം ഈ ഭംഗി. നെല്ലിക്ക, മയിൽപീലി, ചൂരൽ, പച്ചമാങ്ങ, കോളാമ്പിപ്പൂവ്, ഇലഞ്ഞിപ്പൂവ്, കളിത്തോണി, നീലമേഘം ഇങ്ങനെ കേൾവിക്കാരുടെ ആത്മബോധം ഏതോ വിസ്മയശേഷിയാലെന്നോണം കടന്നുപോയ ഇന്നലെകളിലേക്ക് ഗാനത്തോടൊപ്പം പാഞ്ഞുപോവുന്നു. ഗൃഹാതുരത മനുഷ്യർക്കെന്നും ഒരു ഉത്തേജകം തന്നെയാണ്. പി.ടിയുടെ ഗാനങ്ങളാവട്ടെ ആ തലത്തിൽ നമ്മെ ഉണർത്തുന്നുമുണ്ട്.


1950കളോടെയാണ് പി.ടി കാവ്യരംഗത്തേക്ക് കടന്നുവരുന്നത്. പിന്നീടങ്ങോട്ട് മലയാളികളുടെ കേൾവിയിലും ഭാവനയിലും പി.ടി നിറഞ്ഞുനിന്നു. ജീവിതത്തിന്റെ എത്ര ഉന്നത വിതാനങ്ങളിലെത്തിയവരിലും പിന്നിട്ടുപോയ ഇന്നലെകളിലെ കയ്പ് ഏറെ മധുരമായി പിൻവിളിയാക്കുന്ന ഒരു രസതന്ത്രം പ്രവർത്തിക്കും. ഈ രസതന്ത്രങ്ങളെ വരുതിയിലാക്കാൻ അസാമാന്യ ശേഷിയുണ്ടായിരുന്നു അദ്ദേഹത്തിലെ കാവ്യസിദ്ധിക്ക്.

"കണ്ണിമാവിൻ ചോട്ടിലെന്നെ
നീ വിളിച്ചില്ലേ -പണ്ട്
ഉണ്ണിമാങ്ങ പാഞ്ഞെടുക്കാൻ
മത്സരിച്ചില്ലേ
കാറ്റുവന്ന് കാട്ടുമുല്ലപ്പൂവിറുത്തില്ലേ
-അന്ന്
കൂട്ടുകാർ നാം പൂ പെറുക്കി
മാലകോർത്തില്ലേ




അമ്പലക്കാടിൻ ചാരെ
ആമ്പൽപ്പൊയ്ക തന്നിൽ
അന്നിറക്കിനാമടയ്ക്കാത്തോടിനാൽ
നൗക
പൊന്നരളിപ്പൂമരത്തിൽ
കയറു നാം കെട്ടി മെല്ലെ
അന്നു കൊച്ചൂഞ്ഞാലയാടിക്കൊണ്ടു
കൈമുട്ടി"

നിമിഷനേരംകൊണ്ട് കവിതയെഴുതുമായിരുന്നു പി.ടി. പാട്ടും കവിതയുമെഴുതാൻ ഒഴിഞ്ഞിരിക്കുകയോ അതിനായി ധ്യാനിച്ചിരിക്കുകയോ ഒന്നും വേണ്ട. മനസ്സിന്റെ ലോലതന്ത്രികൾ മീട്ടിത്തുടങ്ങിയാൽ മതി. മഹാകവി അല്ലാമാ ഇഖ്ബാലിന്റെ തത്ത്വചിന്താ ഗഹന കാവ്യമാണ് 'ബാങ്കേ ദറ'. അതപ്പാടെ ആശയവും പരിസരവും ഒട്ടുമേ മാറാതെ മനോഹരമായ ഭാഷയിൽ പ്രാദേശിക




ഉപമകൾ കൂടി ഉൾച്ചേർത്ത് പി.ടി മലയാളത്തിലേക്ക് കവിതയായി പരിഭാഷപ്പെടുത്തിയിട്ടുണ്ട്. അതിലെ പ്രയോഗങ്ങൾ കാണുക:

'എന്റെ കാരണത്താലെ ലോകത്തു-
ള്ളന്ധകാരമകലണം
തമ്പുരാനേ,യിടങ്ങളൊക്കെയു-
മൻപിനാലെ ജ്വലിക്കണം!
പൂവനത്തിനു പൂവുപോലെ ഞാൻ
നാടിന്നു ശോഭയാകണം.
ജ്ഞാനമാകും ചെരാത് തേടുന്ന
പാറ്റപോലെയായ്ത്തീരണം"

ഇഖ്ബാലിന്റെ ഭാഷ ഉർദുവിലെ ഏറ്റവും കുലീന മധുരമായ ഭാഷയാണ്. അത് പരിഭാഷക്ക് ഒട്ടുമേ വഴങ്ങുന്നതല്ല. അതാണ് പി.ടി മനോജ്ഞമായ കവിതയിലേക്ക് ഉദാരമായി പരിഭാഷചെയ്തത്. ആറോളം മലയാള ചലച്ചിത്രങ്ങളിലായി പതിനേഴോളം ഗാനങ്ങൾ പി.ടി. എഴുതിയിട്ടുണ്ട്. തേൻതുള്ളി (ഓത്തുപള്ളിയിലന്നു നമ്മൾ...1979 ), പതിനാലാം രാവ് -(പെരുത്തു മൊഞ്ചുള്ളൊരുത്തി..1979), ഞാൻ കാതോർത്തിരിക്കും (മധുരിക്കും തേൻ കനി..1986), ഉൽപത്തി (ഇലാഹി...1984) കണ്ണാടിക്കൂട്-1983) എന്നിവയെല്ലാമാണ് അദ്ദേഹം ഗാനരചന നിർവഹിച്ച മലയാള സിനിമകൾ.

പി.ടിയുടെ ആദരണീയനായ ഗുരുവായിരുന്നു വൈക്കം മുഹമ്മദ് ബഷീർ. ബഷീറാവട്ടെ പി.ടിയെയും അദ്ദേഹത്തിലെ കവിയെയും ഇഷ്ടപ്പെട്ടിരുന്നു. ആ ഇഷ്ടവും പ്രോത്സാഹനവും പി.ടിയുടെ രചനാശേഷിയെ എന്നും പ്രചോദിപ്പിച്ചു. മാങ്കോസ്റ്റിൻ മരത്തണലിൽ ഇരമ്പിയിരുന്ന സാഹിത്യ സൗഹൃദങ്ങളിലെ നിറസാന്നിധ്യമായിരുന്നു പി.ടി. അദ്ദേഹത്തിന്റെ ഖണ്ഡകാവ്യമായ 'കറുത്ത മുത്തി'ന് സി.എച്ച് സ്മാരക അവാർഡ് ലഭിച്ചതറിഞ്ഞപ്പോൾ ബഷീർ ആശുപത്രിയിലായിരുന്നു. അന്നേരം തന്റെ മൂക്കിലുണ്ടായിരുന്ന ട്യൂബുകൾ വലിച്ചൂരി ലഡു വിതരണത്തിന് ആശുപത്രി കിടക്കയിൽനിന്ന് ബഷീർ ഓടിപ്പോയത് പി.ടിയുടെ ആത്മസുഹൃത്തായിരുന്ന കെ.പി. കുഞ്ഞിമൂസ അനുസ്മരിച്ചിട്ടുണ്ട്.

പി.ടി ഒരു ചെറു യാത്രാവിവരണ ഗ്രന്ഥമെഴുതിയിട്ടുണ്ട്. വൈക്കം മുഹമ്മദ് ബഷീറും ചരിത്രകാരനും മാപ്പിള സാംസ്കാരിക പൈതൃക സൂക്ഷിപ്പുകാരനുമായിരുന്ന കെ.കെ. മുഹമ്മദ് അബ്ദുൽ കരീമും ഉൾപ്പെടുന്ന സംഘത്തോടൊപ്പം ഒരു ലക്ഷദ്വീപ് യാത്ര നടത്തിയിട്ടുണ്ട്. ഈ സഞ്ചാര അനുഭൂതികളാണ് പുസ്തകത്തിലുള്ളത്. 'കാവ്യ സ്വപ്നങ്ങളുമായി കവരത്തിയിൽ' എന്നാണ് പുസ്തകത്തിന്റെ പേര്. ബഷീറിനോടുള്ള വ്യക്തിബന്ധങ്ങൾക്ക് പി.ടി ഉപദാനമാക്കിയത് ബഷീറിന്റെ പ്രശസ്ത രചനയായ 'ബാല്യകാല സഖി'ക്ക് കാവ്യാവിഷ്കാരം നിർവഹിച്ചുകൊണ്ടാണ്. 'ഇത് ഖിയാമന്നാളല്ല' എന്ന നാടകവും പി.ടിയുടേതായുണ്ട്. ആകാശവാണിക്കുവേണ്ടി നിരവധി ഗാനങ്ങൾ പി.ടി എഴുതിയിട്ടുണ്ട്. പ്രശസ്ത സംഗീതജ്ഞരായ കെ. രാഘവൻ മാസ്റ്റർ, ടി.കെ. രാമമൂർത്തി, എം. കുഞ്ഞിമൂസ, വി.എം. കുട്ടി, വടകര കൃഷ്ണദാസ് തുടങ്ങിയവരൊക്കെ പി.ടിയുടെ കാവ്യങ്ങൾ ചിട്ടപ്പെടുത്തിയവരിൽ ചിലരാണ്.

## മാപ്പിളകാവ്യരചനാ രംഗത്ത്

സുന്ദരങ്ങളായ ഭാഷാകാവ്യങ്ങൾക്കുപുറമെ കാവ്യരസപ്രദങ്ങളായ മാപ്പിളപ്പാട്ടുകളും പി.ടി എഴുതിയിട്ടുണ്ട്. ഭക്തി, വിരഹം, പ്രണയം, വീരചരിതം എല്ലാം പി.ടി എഴുതിയ മാപ്പിളപ്പാട്ടുകളിൽ വിഷയീഭവിച്ചിട്ടുണ്ട്. ജനകീയമായി ഏറെ കൊണ്ടാടപ്പെട്ട മാപ്പിളപ്പാട്ടാണ് വടകര കൃഷ്ണദാസ് പാടിയ 'ഉടനെ കഴുത്തെന്റേതറുക്കൂ ബാപ്പാ... ഉടയോൻ തുണയില്ലേ നമുക്ക് ബാപ്പാ...' എന്ന ഗാനം. ഇതിനുപുറമെ വിളയിൽ ഫസീല പാടിയ 'ഖല്ലാക്കായുള്ളോനെ, നിന്റെ രിദാക്കെന്റെ...' 'ആമിനാ ബീവിക്കോമന മോനേ ആരിലും കനിയും ഇമ്പത്തേനേ..' 'അശകൊത്ത പെണ്ണിനെ കണ്ടോളി...' തുടങ്ങിയവയും മുക്കം സാജിദ പാടിയ 'പടപ്പ് പടപ്പോട് പിരിശത്തിൽ നിന്നോളി'... 'യത്തീമെന്നെന്നെ പലരും വിളിച്ചു' .... പീർ മുഹമ്മദ് പാടിയ 'നിസ്കാരപ്പായ നനഞ്ഞു കുതിർന്നല്ലോ '.. 'മഹിയിൽ മഹാസീനെന്ന മഹിമയെഴും സുൽത്താന്...' 'ഒട്ടകങ്ങൾ വരിവരിവരിയായ്... ' 'കാഫ് മല കണ്ട പൂങ്കാറ്റേ...' എരഞ്ഞോളി മൂസ പാടിയ 'മിഅ്റാജ് രാവിലെ കാറ്റേ...' 'ആകാശഭൂമിക്കധിപതിയായ '.... 'മൈലാഞ്ചി അരച്ചല്ലൊ മലർകൈയിൽ പതിച്ചല്ലൊ...' 'പള്ളി മിനാരത്തിൽനിന്നും പറക്കുന്ന വെള്ളിപ്പിറാവുകളേ...', 'യേശുദാസ് പാടിയ 'കതിർ കത്തും റസൂലിന്റെ...' 'മസ്ജിദുൽ ഹറം കാണാൻ...', 'യാ ഇലാഹി എന്നെ നീ പടച്ചുവല്ലോ', 'മനസ്സിൽ ഇബ്ലീസ് കടക്കും നേരം', 'മറക്കാൻ കഴിയില്ല പഴയകാലം...', വി.എം. കുട്ടി പാടിയ 'ആറ്റെ കനിമോന്റെ പിറവികൊണ്ട് '... എം.പി.ഉമ്മർ കുട്ടി(തലശ്ശേരി) പാടിയ 'ചേലത്തെളിവൊളി മണി മാലയണിഞ്ഞിട്ട്...' തുടങ്ങി ജനഹൃദയങ്ങളെ പുളകമണിയിച്ച നിരവധി ഹിറ്റ് ഗാനങ്ങൾ പി.ടി അബ്ദുറഹിമാൻ എഴുതിയിട്ടുണ്ട്. അവയുടെ സമ്പൂർണ പട്ടിക തയാറാക്കുകയെന്നത് ക്ലേശകരമാണ്. മാപ്പിളപ്പാട്ടുകളിൽ ഇന്നും ജനമനസ്സുകളിൽ ജീവിക്കുന്ന ഉത്തമ കാവ്യങ്ങളുടെ രചയിതാവാണ് പി.ടി. അദ്ദേഹമെഴുതി ഏറെ ജനകീയമായി കൊണ്ടാടപ്പെട്ട മാപ്പിളപ്പാട്ടിലെ ചില വരികൾ ചുവടെ:

"ചെമ്പകപ്പൂ തേനിതളധരം
ചന്ദിരസുന്ദര പൂമുഖമതൃപം
ഗസലുകൾ തൻ
പൊന്നൊളിഞ്ഞാലയിൽ
ആടുന്നു സുലൈഖ ബീവി..

മൊഞ്ചായ മൊഞ്ചുകൾക്കഖിലം
കഞ്ചകമേറിയ യൂസുഫ് നബിയിൽ
ചഞ്ചലപൂ മിഴിരണ്ടിന്നൊളി കൊണ്ട്
സുലൈഖാബി വലയെറിഞ്ഞേ.."

എന്ന ഗാനം സുലൈഖക്ക് യൂസുഫിനോടുള്ള അനുരാഗം വരച്ചിടുന്നു. അദ്ദേഹമെഴുതിയ 'ഹുസ്നുൽ ജമാൽ' പ്രണയകാവ്യത്തിലെ താഴെ പരിചയപ്പെടുത്തുന്ന ഗാനത്തിൽ ഹുസ്നുൽ ജമാലിന്റെ സൗന്ദര്യത്തെ വർണിക്കുന്ന രംഗം മാപ്പിള കാവ്യരചനയിലെ പി.ടിയുടെ സർഗാത്മകത ദൃശ്യപ്പെടുത്തുന്നു:

മഹിയിൽ മഹാസീനെന്ന്
മഹിമയെഴും സുൽത്താന്
മലർ മഴവില്ലായിട്ടുണ്ടൊരു
കനി മോള്
അവളുടെ മധുവൊഴുകും പേരാണ്
ഹുസ്നുൽ ജമാല്.......

മണിവൈരം മാണിക്യം
മരതകവും നാണിക്കും
മതിയഴകായ് മേവുന്ന
മതിമുഖിയാള്
അവളുടെ മധുരിതമാം
പേരാണ് ഹുസ്നുൽ ജമാല്....

പി.ടിയുടെ ഇത്തരം ഗാനങ്ങളെല്ലാം കൈരളിയുടെ മുക്തകണ്ഠ പ്രശംസ പിടിച്ചുപറ്റിയിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലെ വടകരക്കടുത്ത വീരഞ്ചേരി എന്ന ഗ്രാമത്തിൽ എ.വി ഇബ്രാഹിമിന്റെയും പഴങ്കാവിൽ തോട്ടോൻറവിടെ (പി.ടി) ആയിശ ഉമ്മയുടെയും മകനായി 1937 ലാണ് പി.ടി. അബ്ദുറഹിമാന്റെ ജനനം. മാതൃ കുടുംബപ്പേരിലാണ് പി.ടി അറിയപ്പെടുന്നത്. കുഞ്ഞായിശയാണ് ഭാര്യ. ഇവർക്ക് മക്കളില്ല. വളർത്തുമകൾ നസീമ ഹോമിയോ ഡോക്ടറാണ്. ഒരു അർധസർക്കാർ സ്ഥാപനത്തിലായിരുന്നു പി.ടി ജോലി ചെയ്തിരുന്നത്. വിവിധ നാടക ട്രൂപ്പുകൾക്കുവേണ്ടിയും ആകാശവാണിക്കുവേണ്ടിയും ഗാനങ്ങൾ എഴുതിയാണ് പി.ടി ഗാനരചനാരംഗത്തേക്കു കടന്നുവരുന്നത്. അദ്ദേഹം ശയ്യാവലംബിയായതും വേർപിരിഞ്ഞതും വളരെ പെട്ടെന്നായിരുന്നു. മാപ്പിള കാവ്യരചനാരംഗത്ത് അനൽപ സംഭാവനകളർപ്പിച്ച പി.ടി, താൻ ജീവിച്ചിരുന്ന കാലത്തെ പാട്ടെഴുത്തുകാരിൽ എന്തുകൊണ്ടും ഒന്നാമനായിരുന്നു. കാലത്തെ അതിജയിക്കുന്ന ഒരുപിടി കാവ്യങ്ങളാന്ന് പി.ടി. അബ്ദുറഹിമാനെ വ്യത്യസ്തനാക്കിയത്. ആസ്വാദകവൃന്ദത്തിന് അക്ഷരങ്ങൾ മധുപാനമാക്കി നൽകിയ ആ പ്രതിഭ 2003 ഫെബ്രുവരി ഒമ്പതിന് വിടവാങ്ങി. •

---

പുസ്തകോത്സവം

# പുസ്തക തലസ്ഥാനത്തെ ഗിന്നസ് അക്ഷരോത്സവം

ബഷീർ മാറഞ്ചേരി

അക്ഷരങ്ങളുടെ കൈപിടിച്ച് എഴുത്തുകാർ ഗിന്നസ് വേൾഡ് റെക്കോഡിന്റെ ഉത്തുംഗതയിലേക്ക് ഓടിക്കയറുന്ന അപൂർവ മുഹൂർത്തത്തിന് കാർമികത്വം വഹിച്ചാണ്, ഒക്ടോബർ 30 മുതൽ നവംബർ 10 വരെ നടന്ന 38ാമത് ഷാർജ അന്താരാഷ്ട്ര പുസ്തകോത്സവത്തിന് സമാപനമായത്.

ലോക പുസ്തക തലസ്ഥാനവും അറബ് രാജ്യങ്ങളുടെ സാംസ്കാരിക തലസ്ഥാനവുമായ ഷാർജയിലെ, അവധിയില്ലാതെ ആഘോഷങ്ങൾ നടക്കുന്ന എക്സ്പോ സെൻററിലെ നീണ്ടുനിവർന്നു കിടക്കുന്ന വരാന്തയിൽ 1530 എഴുത്തുകാരാണ് ഒരേസമയം അവരുടെ പുസ്തകങ്ങളിൽ ഒപ്പിട്ടു നൽകി ലോകത്തെ വിസ്മയിപ്പിച്ചത്. ശ്രേഷ്ഠ മലയാളത്തിൽനിന്ന് 300 എഴുത്തുകാരാണ് ഗിന്നസ് വരാന്തയിൽ എത്തിയത്. ഇവരുടെ 200ലധികം പുതിയ പുസ്തകങ്ങൾ ഇത്തവണ മേളയിൽ പ്രകാശനം ചെയ്യപ്പെട്ടു.

11 ദിവസം നീണ്ടുനിന്ന അക്ഷരോത്സവത്തിലെ ഗിന്നസ് നേട്ടത്തിൽ അറബ് ഭാഷയിൽനിന്നാണ് കൂടുതൽ പുതിയ പുസ്തകങ്ങളും എഴുത്തുകാരും എത്തിയത്. അഞ്ചു വയസ്സുകാരി ആസ്ട്രേലിയയിൽ നിന്നുള്ള മെലയായിരുന്നു ഗിന്നസ് കൂട്ടത്തിലെ ശിശു. "രാജ്യത്തിന്റെ വളർച്ചയിലും അഭിവൃദ്ധിയിലും അഭിപ്രായ സ്വാതന്ത്ര്യം പ്രധാനപ്പെട്ടതാണ്. ഇത് ഒരു ചെടി പോലെയാണ്. ഒരു ചെറിയ കലത്തിൽ വെച്ചാൽ അത് വാടിപ്പോകുകയും ഒടുവിൽ മരിക്കുകയും ചെയ്യും" -സുപ്രീം കൗൺസിൽ അംഗവും ഷാർജ ഭരണാധികാരിയും പുസ്തകോത്സവത്തിന്റെ അമരക്കാരനുമായ ശൈഖ് ഡോ. സുൽത്താൻ ബിൻ മുഹമ്മദ് അൽ ഖാസിമി ഉദ്ഘാടന പ്രസംഗത്തിൽ അഭിപ്രായപ്പെട്ടതിങ്ങനെയായിരുന്നു.

ഇന്ത്യൻ പവിലിയൻ പ്രവർത്തിച്ച ഏഴാം നമ്പർ ഹാളിൽ ഇത്തവണയും മലയാളത്തിന്റെ മഹാപ്രളയമായിരുന്നു. ഇന്ത്യൻ എഴുത്തുകാരുടെ പുസ്തകങ്ങൾ പ്രകാശനം ചെയ്യാൻ മാത്രമായി ഇവിടെ റൈറ്റേഴ്സ് ഫോറം എന്ന പേരിൽ നൂറിലധികം പേർക്ക് ഇരിക്കാവുന്ന വേദിയും ഒരുക്കിയിരുന്നു. ഒരു പുസ്തകം പിറന്ന ഉടനെ അടുത്ത പുസ്തകം പിറക്കുന്ന അപൂർവ കാഴ്ചയും ഈ വേദി സമ്മാനിച്ചു. ലോകത്തിന്റെ മാറിക്കൊണ്ടിരിക്കുന്ന പൊതുസ്വഭാവം വളരെ ആഴത്തിൽ ചർച്ചചെയ്യപ്പെട്ട പുസ്തക ഉത്സവം കൂടിയായിരുന്നു ഇത്തവണ ഷാർജ ഒരുക്കിയത്. ജനാധിപത്യത്തിന്റെ ശ്രീകോവിലെന്ന് ലോകംതന്നെ പണ്ട് വിധിയെഴുതിയ ആധുനിക ഇന്ത്യയിലെ വർത്തമാന കാല സംഭവങ്ങൾ വേദനയും വെറുപ്പും ഉളവാക്കുന്നതാണെന്ന് എഴുത്തുകാർ തുറന്നുപറഞ്ഞു.



പുസ്തകോത്സവത്തിൽനിന്ന്

ജനായത്തത്തിന്റെ മറവിൽ അധികാരത്തിൽ വന്നു എന്നതിന്റെ പേരിൽ മുസ്‌ലിംകൾ ഉൾപ്പെടെയുള്ള ന്യൂനപക്ഷങ്ങൾക്കെതിരായ നിലപാട് അംഗീകരിക്കാനാവില്ലെന്ന് മേളയിൽ അതിഥിയായെത്തിയ നൊബേൽ സമ്മാന ജേതാവും തുർക്കി വംശജനുമായ ഒർഹാൻ പാമുക് ഓർമിപ്പിച്ചു.

ചരിത്രം എന്നത് ഒരിക്കലും സംഭവിക്കാത്ത കാര്യങ്ങളെക്കുറിച്ച് സംഭവസ്ഥലത്ത് ഒരിക്കലും ഇല്ലാതിരുന്നവർ എഴുതിക്കൂട്ടിയ നുണകളുടെ സമാഹാരമാണെന്നും നമ്മുടെ ചരിത്രങ്ങളെല്ലാം വളച്ചൊടിക്കപ്പെട്ടവയാണെന്നും ഇന്ത്യയിൽ ഏറ്റവും അധികം വിറ്റഴിക്കപ്പെടുന്ന നോവലുകളുടെ രചയിതാവായ ഇന്ത്യൻ ഇംഗ്ലീഷ് എഴുത്തുകാരൻ അശ്വിൻ സൻഘി തുറന്നടിച്ചു. ഇന്ത്യയിലെ അഭിപ്രായസ്വാതന്ത്ര്യം അപകടത്തിലേക്ക് നീങ്ങുകയാണെന്നും മാധ്യമപ്രവർത്തനം എന്നത് അപകടംപിടിച്ച പ്രവർത്തനമേഖലയായി മാറിയിരിക്കുന്നുവെന്നും വിക്രം സേത്ത് പറഞ്ഞു.

മാധ്യമങ്ങൾ രാജ്യത്തിന്റെ കാവൽനായ്ക്കളാണെന്നും പക്ഷേ, ഭയത്തിന്റെയും സാമ്പത്തികഞെരുക്കത്തിന്റെയും അന്തരീക്ഷം സൃഷ്ടിച്ച് മാധ്യമങ്ങളെ വരുതിയിലാക്കാനാണ് സർക്കാർ ശ്രമിക്കുന്നതെന്നും എൻ.ഡി.ടി.വി എഡിറ്റോറിയൽ ഡയറക്ടർ സോണിയ സിങ് അഭിപ്രായപ്പെട്ടു. കേന്ദ്രത്തിലെ ഭരണകക്ഷിക്ക് അത്ര എളുപ്പം തങ്ങളുടെ വിഭജനതന്ത്രങ്ങൾ നടപ്പാക്കാൻ കഴിയില്ലെന്നും അത്തരം ശ്രമങ്ങളെ അതിജീവിക്കാൻ തക്കവിധം രാജ്യത്തെ സംവിധാനങ്ങൾ ശക്തമാണെന്നും എൻ.ഡി.ടി.വി മാനേജിങ് എഡിറ്റർ രവീഷ് കുമാർ അഭിപ്രായപ്പെട്ടു.

ഷാർജ ഭരണാധികാരി ശൈഖ് ഡോ. സുൽത്താൻ ബിൻ മുഹമ്മദ് അൽഖാസിമി രചിച്ച മൂന്ന് പുസ്തകങ്ങളുടെ മലയാള പരിഭാഷകൾ പ്രകാശനം ചെയ്തു. ഇന്ത്യയിൽനിന്ന് 150 പ്രസാധകരാണ് ഇത്തവണ പങ്കെടുത്തത്. ദൃഢനിശ്ചയമുള്ള കുട്ടികളുടെ പുസ്തക പ്രകാശനമായിരുന്നു മേളയിലെ ഏറ്റവും ധന്യമായ മുഹൂർത്തം ഒരുക്കിയത്.

ഒട്ടും വൈകല്യമില്ലാത്ത പുസ്തക പ്രകാശനവുമായിരുന്നു ഇത്. ഇന്ത്യയിൽനിന്നടക്കം 81 രാജ്യങ്ങളിലെ 2000 പ്രസാധകരാണ് മേളയിലെത്തിയത്. 68 രാജ്യങ്ങളിൽനിന്നുള്ള 173 പ്രമുഖ എഴുത്തുകാരും ചിന്തകരും കലാകാരന്മാരും 987 പരിപാടികളിൽ പങ്കെടുത്തു. മെക്സികോയായിരുന്നു അതിഥി രാജ്യം.

അമേരിക്കൻ എഴുത്തുകാരൻ സ്റ്റീവ് ഹാർവേ, ഹിന്ദി കവിയും ഗാനരചയിതാവുമായ ഗുൽസാർ, ലിസാ റായ്, അനിത നായർ, റോബിൻ ശർമ തുടങ്ങിയവരും മലയാളത്തിൽനിന്ന് കഥാകൃത്ത് ടി. പത്മനാഭൻ, ഗായിക കെ.എസ്. ചിത്ര, ഇന്ത്യൻ ഇംഗ്ലീഷ് എഴുത്തുകാരന്മാരായ ആനന്ദ് നീലകണ്ഠൻ, ജീത് തയ്യിൽ, മുൻ നയതന്ത്രജ്ഞനും എഴുത്തുകാരനുമായ ടി.പി. ശ്രീനിവാസൻ, കെ.വി. മോഹൻകുമാർ, ബിനോയ് വിശ്വം എം.പി, വി.ടി. ബൽറാം എം.എൽ.എ, കെ.പി. രാമനുണ്ണി, ശിഹാബുദ്ദീൻ പൊയ്ത്തുംകടവ്, അഭിനേതാക്കളായ സിദ്ദീഖ്, മനോജ് കെ. ജയൻ, ടൊവീനോ തോമസ്, സംവിധായകരായ എം.എ. നിഷാദ്, സലീം അഹമ്മദ് തുടങ്ങിയവരും മേളക്കെത്തി. ഇവരിൽ പലരുടെയും പുസ്തകങ്ങളുടെ പ്രകാശനവുമുണ്ടായിരുന്നു. കവി വീരാൻകുട്ടി, അനിതാ തമ്പി, ഗാനരചയിതാവ് വയലാർ ശരത് ചന്ദ്രവർമ എന്നിവർ പങ്കെടുത്ത കാവ്യസന്ധ്യ ശ്രദ്ധേയമായിരുന്നു.

300 മീറ്റർ നീളമുള്ള ഖുർആനുമായി മലയാളിയും ഗിന്നസ് വേൾഡ് റെക്കോഡ് ജേതാവുമായ കോഴിക്കോട് സ്വദേശി എം. ദിലീഫും എത്തിയിരുന്നു. ഖുർആനിലെ മൂന്ന് അധ്യായങ്ങളാണ് 300 പേജിൽ എഴുതിയത്.

പുസ്തകങ്ങളുടെ അകത്ത് കുടുങ്ങിക്കിടക്കുന്ന തടവുകാരാണ് അക്ഷരങ്ങൾ എന്നും സാമൂഹിക സംസ്കരണ മേഖലയിൽ അതിന് പ്രത്യേകിച്ച് ഇനിയൊന്നും ചെയ്യാനില്ല എന്നുമുള്ള ചിന്ത, നിർമിത ബുദ്ധിയിലൂടെ വേഗമാർന്ന കാലത്ത് നിങ്ങളുടെ മനസ്സിൽ എവിടെയെങ്കിലും മുളച്ചിട്ടുണ്ടെങ്കിൽ ഒരുതവണ നിങ്ങൾ ഷാർജ അന്താരാഷ്ട്ര പുസ്തകമേളയിൽ എത്തണം, ഉന്തുവണ്ടിയിൽ കയറ്റി വീട്ടിലേക്ക് വായിക്കാനായി കൊണ്ടുപോകുന്ന പുസ്തകങ്ങൾ നമ്മുടെ മനസ്സ് ശുദ്ധമാക്കും. •


---

കവിത

# പതുക്കെ

എ.കെ. മോഹനൻ

പതുക്കെ
വളരേ പതുക്കെ
ഒച്ചിനെക്കാളും
വേഗം കുറച്ച്
ഒച്ചുപോലും അറിയാതെ
കാഴ്ചകളിൽ
കേൾവികളിൽ
ഗന്ധങ്ങളിൽ
ഒന്നും
ഒന്നും സംഭവിക്കാതെ
അല്ലെങ്കിൽ
എല്ലാം സംഭവിച്ചിട്ടും
പരിഭവം ഒന്നുമില്ലാതെ
മഴ
മഞ്ഞ്
വൈകുന്നേര വെയിൽ
എല്ലാം
നിശ്ശബ്ദം
പടിയിറങ്ങുന്നതുപോലെ
ഒരുപക്ഷി തൂവൽ പൊഴിക്കുന്നതുപോലെ
ഏറ്റവും ലളിതമായി
അത്രമാത്രം
അത്രമാത്രം.





വായന

# കെ.ഇ.എന്നിൻെറ വാക്ക് പൂക്കും വഴികൾ

പി.കെ. പാറക്കടവ്

രുചികരമല്ലാത്ത സത്യത്തിൻെറ വിളംബരങ്ങളാണ് കെ.ഇ.എന്നിൻെറ രചനകളും പ്രസംഗങ്ങളും. ഫാഷിസം ഭാഷയിൽപോലും എരിയുന്ന തിന്മയായി മാറിയ കാലത്ത് പൊതുബോധത്തിനെതിരെ ശക്തമായി പൊരുതുന്നുണ്ട് ഈ ചിന്തകൻ. സ്റ്റേജുകളിലും പേജുകളിലും പൊള്ളിക്കുന്ന ജ്വാലയുടെ രൂപത്തിലേ ഈ കാലത്ത് നേരവതരിപ്പിക്കാനാവൂ എന്ന് അദ്ദേഹം ഓർമിപ്പിക്കുന്നു. പ്രതിലോമകാരികളെ മാത്രമല്ല, ഉള്ളിൽ സവർണജാതി ബോധം അറുത്തുമാറ്റാനാവാത്ത വിപ്ലവകാരികളിൽപോലും കെ.ഇ.എന്നിൻെറ വാക്കുകൾ ഞെട്ടലുളവാക്കുന്നതും അതുകൊണ്ടാണ്.


സാഹിത്യത്തിലും മുൻനിരയിൽ ചാരുകസേരയിൽ മലർന്നു കിടക്കുന്നവരെക്കുറിച്ചെഴുതിയതിനേക്കാൾ കൂടുതൽ ആരാലും ശ്രദ്ധിക്കപ്പെടാതെ കിടക്കുന്ന, എന്നാൽ ശ്രദ്ധിക്കപ്പെടേണ്ട എഴുത്തുകാരെക്കുറിച്ചാണ് കെ.ഇ.എൻ ഏറെയും എഴുതിയിട്ടുള്ളത്. അതുകൊണ്ടാണ് ഒരു പംക്തിക്കു തന്നെ അദ്ദേഹം അരികെഴുത്ത് എന്ന് പേരിട്ടിരിക്കുന്നത്. അവരുടെ കവിതകളിലെ നീറ്റലുകളെയും തീപ്പൊരികളെയും കുറിച്ച് കെ.ഇ.എന്നിൻെറ സൂക്ഷ്മ വായനകളാണ് 'വാക്ക് പൂക്കും വഴികൾ–ബഹുസ്വരതയുടെ വിസ്തൃതലോകം' എന്ന പുസ്തകത്തിൽ.

എ. അയ്യപ്പൻെറ 'അത്താഴം' എന്ന കവിതയിൽ തുടങ്ങി എണ്ണമറ്റ പുതിയ കവികളുടെ കവിതകളിലൂടെ കെ.ഇ.എൻ കടന്നുപോകുന്നുണ്ട് ഈ പുസ്തകത്തിൽ. ഇടക്കിടെ സച്ചിദാനന്ദനും കെ.ഇ.എന്നും വൈലോപ്പിള്ളിയുമൊക്കെ സന്ദർഭവശാൽ വരുന്നുണ്ട്. വിശപ്പ് മനുഷ്യരെ മനുഷ്യരല്ലാതാക്കുമെന്ന സമാശ്വസിപ്പിക്കാനാവാത്ത വേദനയുടെ, വല്ലാത്തൊരു വിങ്ങലാണ് എ. അയ്യപ്പൻെറ 'അത്താഴം' അനുഭവിപ്പിക്കുന്നത് എന്ന് കെ.ഇ.എൻ. വിശപ്പിൻെറ റിപ്പബ്ലിക് ഭീകരതയുടെ റിപ്പബ്ലിക് ആകുന്ന കാലത്ത് പതിനാറുവരികളിൽ വിശപ്പിനപ്പുറമുള്ള മനുഷ്യദൈന്യത്തിൻെറ ആഴം അനുഭവിപ്പിക്കുന്ന കുറിപ്പാണ് അത്താഴരുചിക്കു മേൽ വീണ തീക്കട്ട.

കരുണാകരൻെറ 'ലത്തീഫ്', മൂസ എരവത്തിൻെറ 'രാജ്യം നഷ്ടമായവരുടെ വിഷു', പവിത്രൻ തീക്കുനിയുടെ 'അവർ' എന്നീ കവിതകളെക്കുറിച്ചും ഗ്രന്ഥകാരൻ എഴുതുന്നുണ്ട്. കിളിരമുള്ള പുൽപ്പടർപ്പുകൾക്കിടക്ക് ആ ദുർഭൂതങ്ങൾ എന്നെ പിച്ചിച്ചീന്തിയപ്പോൾ അവ മാത്രമേ കൂടെ കരയാൻ ഉണ്ടായുള്ളൂ... എന്ന് സച്ചിദാനന്ദൻ എഴുതുമ്പോൾ നമ്മുടെ കാലത്തെ ഭീതിദമായൊരു വംശഹത്യശ്രമത്തിൻെറ ചോരവേരുകൾ നാം കാണുന്നു എന്ന് കെ.ഇ.എൻ എഴുതുന്നു.

ബാലചന്ദ്രൻ ചുള്ളിക്കാടിൻെറ 'രാജ്യസ്നേഹം' എന്ന കവിത മുൻനിർത്തി ദേശീയതയുടെ പേരിൽ വിവിധ രാജ്യങ്ങളിൽനിന്ന് നീണ്ടുവരുന്ന അസഹിഷ്ണുതയുടെ കൊമ്പുകൾ കാണിച്ചുതരുന്നുണ്ട് ഗ്രന്ഥകാരൻ. സിവിക് ചന്ദ്രൻെറ 'റിപ്പബ്ലിക്' എന്ന കവിതയെക്കുറിച്ച് മാത്രമല്ല, സിവിക്കിനെക്കുറിച്ചും കെ.ഇ.എൻ പറയുന്നുണ്ട്. പലവിധ ആശയങ്ങൾ പലകാലത്ത് സ്വന്തം രാഷ്ട്രീയ കാര്യപരിപാടിക്കനുസൃതമായി സിവിക് അവതരിപ്പിക്കുമ്പോഴും അദ്ദേഹത്തിൻെറ സർഗാത്മക സാഹിത്യ സൃഷ്ടികൾ അകംപൊള്ളിയവൻെറ പരമാർഥങ്ങളായി പ്രത്യേക അജണ്ടകളൊന്നുമില്ലാതെ പുറത്തുവന്നുകൊണ്ടേയിരുന്നു. സിവിക്കിൻെറ കവിത കണ്ടെത്തലുകളുടെ കരുത്താണെന്ന് അദ്ദേഹം നിരീക്ഷിക്കുന്നു.

എസ്. ജോസഫിൻെറ ഒരു കവിത എങ്ങനെ അനുഭവമായി മാറുന്നു എന്നും കെ.ഇ.എൻ പങ്കുവെക്കുന്നുണ്ട് (മരണവീടും ഒരു കവിതയും). നമ്മുടെയകങ്ങളെയാകെ മലിനമാക്കുന്ന അധികാരത്തോടുള്ള കലഹവും കരുതലുമാണ് കെ.ടി. സൂപ്പിയുടെ 'മഴയിൽ ബുദ്ധൻ' എന്ന പുതിയ കാവ്യസമാഹാരത്തെ ശ്രദ്ധേയമാക്കുന്നതെന്ന് ഈ പുസ്തകത്തിലെ 'വെറുതെയല്ലാത്തൊരു വെറുതെ' എന്ന അധ്യായത്തിൽ നിരീക്ഷിക്കുന്നു. 'ചത്തിട്ടും ചാവാത്ത ഉശിരൻ വാക്ക്' ഒ.പി. സുരേഷിൻെറ കവിതകളെക്കുറിച്ചാണ്. രാധയുടെ അപകടം പറച്ചിലുകൾക്ക് കാതോർത്തിരിക്കുന്ന കുണ്ടനിടവഴികൾ എക്സ്പ്രസ് ഹൈവേ കൊണ്ടുപോയി അവൾ അതിനും മുമ്പേ പോയി എന്നെഴുതിയത് ആലസ്യത്തിൽ നനഞ്ഞു കുതിർന്ന മനസ്സിനെപ്പോലും പൊള്ളിക്കുന്ന, കത്തുന്ന കണ്ണീരുകൊണ്ടായിരിക്കണം എന്ന് സുരേഷിൻെറ കവിതകളെക്കുറിച്ച് കെ.ഇ.എൻ നിരീക്ഷിക്കുന്നു. മറവിയും മായ്ക്കലും ആർ. രമേശൻ നായരുടെ 'സന്ധ്യാരാഗം' എന്ന കവിതാ സമാഹാരത്തെക്കുറിച്ചാണ്. സാഹിത്യം പൊതുവിൽ പല കാരണങ്ങളാലും മധ്യവർഗ കേന്ദ്രീകൃതമാവുന്നൊരവസ്ഥയിൽ അതിൽ നിന്നുമേറെ വ്യത്യസ്തമായൊരു ദരിദ്രപീഡിത ദൈന്യലോകമാണ്, ടി. ഗോപിയുടെ കവിതകളിൽ കലഹവും കരച്ചിലുമായി ഇളകിമറിയുന്നത് എന്ന് 'അർബുദം അതിരിടാത്ത കവിതകൾ' എന്ന ലേഖനത്തിൽ ഹിഗിറ്റയുടെ രണ്ടാം വരവിനെക്കുറിച്ച് ഗ്രന്ഥകാരൻ സാക്ഷ്യപ്പെടുത്തുന്നു.



വാക്ക് പൂക്കും വഴികൾ
കെ.ഇ.എൻ
പേജ്: 250, വില: 250
ഐ.പി.ബി

ചത്തവൻെറ ചങ്ങാതിയാണ് ഞാൻ കൊന്നവൻെറ സുഹൃത്തും/ചത്തവനുവേണ്ടി കരഞ്ഞും/കൊന്നവന് കൈ കൊടുത്തും/ഒരു വിധം ജീർണിച്ചുപോകുന്നു എന്ന പ്രദീപ് രാമനാട്ടുകരയുടെ അഞ്ചുവരിക്കവിതയുടെ ഉൾക്കാമ്പുള്ള വായനയാണ് 'സൗഹൃദം' എന്ന ലേഖനം. പേരിൻെറ പേരിൽ പ്രാണൻ പോകുന്ന കാലത്ത് 'പോര്' എന്ന മനോജ് പൊൻപറയുടെ കവിതയെക്കുറിച്ച് പറയുന്നു, സത്യമായും പേര് കുപ്പ എന്ന കുറിപ്പിൽ.

ഫാറൂഖ് കോളജിലെ മലയാള വിഭാഗത്തിലെ യുവപ്രതിഭകൾ പുറത്തിറക്കിയ ഒരു കവിതാസമാഹാരത്തെക്കുറിച്ചും കെ.ഇ.എൻ എഴുതുന്നുണ്ട് (സൗഹൃദം, സമരം, കവിത). മെഹദ് മഖ്ബൂലിൻെറ പശു നമുക്ക് എന്തെല്ലാം തരുന്നു എന്നുള്ള കവിതാ സമാഹാരം കീഴ്മേൽ മറിക്കപ്പെട്ട ഒരു രുധിരകാലത്തിനെതിരെയുള്ള ചെറുത്തുനിൽപാണ്. അർഥസാന്ദ്രവും അനുഭൂതി തീവ്രവുമായ വരികളെ അടയാളപ്പെടുത്തുന്നുണ്ട് ബിജു കൊട്ടാരക്കരയുടെ കവിതകളെക്കുറിച്ച് പറയുമ്പോൾ.

ജ്വലിച്ചു നിന്നൊരു ജീവിതത്തിൽനിന്ന് മറുകരതേടി സ്വയം നടന്നു മറഞ്ഞ ജിനേഷ് മടപ്പള്ളിയുടെ കവിതകളെക്കുറിച്ചും കെ.ഇ.എൻ എഴുതുന്നുണ്ട്. ഈ പുസ്തകത്തിലുള്ള എം.എസ്. ബനേഷിൻെറ 'നല്ലയിനം പുലയ അച്ചാറുകൾ' എന്ന ഈ പുസ്തകത്തിലെ ലേഖനം മുമ്പേ ശ്രദ്ധപിടിച്ചുപറ്റിയ ഒന്നാണ്. വാടകക്കെടുത്ത ചിറകുകളിൽ അധികദൂരം പറക്കാനാവില്ലെന്ന് ജിബ്രാൻ പറഞ്ഞത് കെ.ഇ.എൻ ഓർമിപ്പിക്കുന്നു. ഒറ്റക്കു തുഴയുന്നവൻെറ വഴിയാണ് കവിതയെന്ന് രാവുണ്ണിയുടെ തുരുത്തിന് പുതിയ വായന തീർക്കുകയാണിവിടെ.

മോഹൻ അറയ്ക്കൽ, കെ.ആർ. രഘു, നന്ദൻമുള്ളമ്പത്ത്, രാജാറാം തൈപ്പള്ളി, ഫൈസൽ അബൂബക്കർ, മാധവൻ പുറച്ചേരി, തൻസിം ഒറ്റ്യാടി, എം. ജിവേഷ്, ലതീഷ് നടുക്കണ്ടി, കെ. അനാമിക, ഷിബു മുത്താട്ട്, ജിനേഷ്കുമാർ എരമം, ബക്കർ മേത്തല, സി.എസ്. രാജേഷ്, വിജില, ജി. ശ്രീകുമാർ, ശ്രീജിത്ത് അരിയല്ലൂർ, അഭിരാമി, രാധാകൃഷ്ണൻ എടച്ചേരി എന്നിവരുടെ കവിതകളെക്കുറിച്ചും ലേഖനങ്ങളുണ്ട് 'വാക്ക് പൂക്കും വഴികളി'ൽ.

ഇത്രയേറെ കവികളുടെ രചനകളെക്കുറിച്ച് വേറെയൊരു പുസ്തകം കണ്ടതായി ഓർക്കുന്നില്ല. പല കാരണങ്ങളാൽ അരികുവത്കരിക്കപ്പെടുമായിരുന്ന കവികളെ സൂക്ഷ്മ വായനക്ക് വിധേയമാക്കുകയാണ് 'വാക്ക് പൂക്കും വഴികൾ - ബഹുസ്വരതയുടെ വിസ്തൃതലോകം' എന്ന പുസ്തകത്തിൽ കെ.ഇ.എൻ.

കഥ

# പ്രാണൻെറ ഗന്ധം

അഞ്ജലി രാജീവ്



● ചിത്രീകരണം: ബാബു ജനാർദനൻ





നടവഴി ആരംഭിക്കുന്നിടത്ത് ഇരുഭാഗങ്ങളിലായി സിംഹത്തലകൾ പതിച്ച ഉരുണ്ട സിമൻറുതൂണുകൾ. വലതുഭാഗത്തെ തൂണിൽ ഇളംമഞ്ഞയിൽ കറുത്ത അക്ഷരങ്ങളിൽ 'കാവുപറമ്പത്ത് 'എന്നെഴുതിയിരിക്കുന്നത് ഒന്നുകൂടി നോക്കി ഉറപ്പുവരുത്തി. ഇതുതന്നെ വീട്. ഗേറ്റിനരികിലേക്ക് അൽപദൂരം കൂടി നടക്കാനുണ്ട്. രണ്ടോമൂന്നോ ഏക്കർ വരുന്ന പുരയിടമാണ്. പറമ്പിൽ ഇല്ലാത്ത വൃക്ഷങ്ങളും ചെടികളും ഇല്ല. തെങ്ങും തേക്കും മാവും പ്ലാവും പിടിച്ചാൽ പിടികൂടാത്ത മട്ടിമരവും തലയുയർത്തി നിൽക്കുന്നു.

പുലർകാലക്കുളിരിൽ വിറച്ച് കൂനിയ ഇലകൾക്കിടയിൽനിന്ന് തെച്ചിപ്പൂക്കളും അരളിപ്പൂക്കളും തലയുയർത്തി അവളെ എതിരേറ്റു. ഇരുമ്പുഗേറ്റ് തള്ളിത്തുറന്ന് വീട്ടുമുറ്റത്തേക്ക് കാലെടുത്തുവെച്ചു. മുറ്റത്ത് ഇരുവശങ്ങളിലായി പടർന്നുവളർന്ന മാവുകൾ കൈകോർത്തുണ്ടാക്കിയ തണലായിരുന്നു. നനഞ്ഞുകിടന്ന മണ്ണിൽ കിളികളും അണ്ണാനുകളും കൊത്തിയ മാമ്പഴങ്ങൾ പൊഴിഞ്ഞുകിടന്നിരുന്നു.

'ആരാ...?'

മുറ്റത്തെ തേങ്ങാക്കൂമ്പാരത്തിനരികിൽനിന്ന് മധ്യവയസ്സ് പിന്നിട്ടൊരാൾ അവൾക്കരികിലേക്ക് വന്നു. 'വാസ്വേട്ടനല്ലേ?'

അവൾ ചിരിച്ചു.

അത്ഭുതത്താൽ വിടർന്ന കണ്ണുകളോടെ അയാൾ അവളെ നോക്കി. ഹൃദയത്തിലെ തെളിച്ചം മുഖത്തു പ്രതിഫലിക്കുന്നതുപോലെ ആ മുഖം പ്രകാശിച്ചു. നിഷ്കളങ്കമായ ഒരു ചിരിയിൽ വീണ്ടും അതേ ചോദ്യം.

'ഞാൻ പാർവതി. അമ്മയെ ഒന്ന് കാണണമായിരുന്നു'. 'അമ്മയുടെ ബന്ധുവാണോ കുട്ടി..? കേറിവരൂ... അമ്മ എഴുന്നേറ്റതേ ഉള്ളൂ..' അയാൾ അകത്തേക്ക് പോയി തിരിച്ചുവന്നിട്ട് പറഞ്ഞു. വളരെ പരിചയമുള്ളവളെപോലെ വരാന്തയിലേക്കും അവിടെനിന്ന് ഇടനാഴിയുടെ വലതുഭാഗത്തുള്ള അമ്മയുടെ മുറിയിലേക്കും അവൾ കയറിപ്പോകുന്നത് നോക്കിനിന്നിട്ട് അയാൾ മുറ്റത്തേക്കിറങ്ങി. കട്ടിലിൽ എഴുന്നേറ്റിരിക്കുന്നുണ്ടായിരുന്നു അമ്മ. വൃദ്ധയൊന്നുമായിട്ടില്ല. എങ്കിലും വളരെയധികം സങ്കടങ്ങൾ അനുഭവിച്ചതുപോലെ പരിക്ഷീണയായിരുന്നു അവർ. ആണും പെണ്ണുമായി എല്ലാ കാര്യങ്ങളും ഒറ്റക്ക് നോക്കിനടത്തിയ ഈ അമ്മക്ക് എന്തുപറ്റി എന്നോർത്തുകൊണ്ടവൾ ബാഗുകൾ നിലത്തുവെച്ച് ആ കാലിൽ നമസ്കരിച്ചു.

'മനസ്സിലായില്ലല്ലോ കുട്ടീ... ഈയിടെയായി മറവിയും ക്ഷീണവുമൊക്കെ വല്ലാതെ കൂടീട്ടുണ്ട്. ദിവസോം അതിനുതക്കോണം മരുന്നും ഗുളികകളുമൊക്കെ കഴിക്കാനുണ്ട്. അതിൻെറയാവും. ഒന്നും അങ്ങോട്ട് തെളിഞ്ഞുവരില്ല...' 'ഞാൻ പാർവതിയാണ്'. ആ പേരിലുള്ള ആരെയും അമ്മക്ക് പെട്ടെന്ന് ഓർത്തെടുക്കാൻ കഴിയുന്നുണ്ടായിരുന്നില്ല. ഇടക്ക് മനസ്സ് സ്വന്തം കൈപ്പിടിയിൽനിന്ന് വഴുതിപ്പോകുന്നതുകൊണ്ടാവുമോ ഈ ഓർമക്കുറവ് എന്ന് സ്വയം ജാള്യപ്പെടുന്നതിനാൽ അക്കാര്യം തുറന്നുസമ്മതിക്കാനും അവർക്ക് മടിയായിരുന്നു. ആരായാലും അന്യരാവില്ല എന്ന് മനസ്സിൽ ഓർക്കുകയും ചെയ്തു.

'എന്തായാലും ഇട്ടതൊക്കെ മാറ്റി കുളിച്ചു ഭക്ഷണം കഴിച്ചു വന്നോളൂ.. എന്നിട്ടാവാം ബാക്കി. വാസൂനോട് പറഞ്ഞാൽ ഒരു മുറി ശരിയാക്കിത്തരും. ചെന്നോളൂ' മനസ്സിൽ ഒരുക്കൂട്ടിവെച്ച ചോദ്യങ്ങൾക്കൊന്നും മറുപടി പറയേണ്ടിവരാത്തതിലുള്ള ആശ്വാസത്തോടെ അവൾ പുറത്തു കടന്നു.

ദിവസങ്ങളോളം അടച്ചിട്ടതിൻെറ പൊടിഗന്ധമായിരുന്നു മുറിയിലാകെ. മരയഴികളുള്ള ജനാല ആദ്യംതന്നെ അവൾ മലർക്കെ തുറന്നിട്ടു. ചുമരിൽത്തന്നെ തീർത്ത മരഷെൽഫിൽ വസ്ത്രങ്ങളും പുസ്തകങ്ങളും അടുക്കിവെക്കാൻ തുടങ്ങി. 'ഈ ജനാലക്ക് ഒരു ഇളംറോസ് നിറത്തിലുള്ള കർട്ടൻ വേണം. നേർത്ത തുണിയിലുള്ളത് മതി... പിന്നെ ഈ മേശപ്പുറത്ത് ഒരു പൂപ്പാത്രം. പ്ലാസ്റ്റിക് പൂക്കളൊന്നും വേണ്ട... നമ്മുടെ ഗേറ്റിനടുത്തുള്ള മന്ദാരപ്പൂ പൊട്ടിച്ചുവെച്ചാ മതി...'

വാസ്വേട്ടൻ തലകുലുക്കി. അലമാരയും മേശയും ജനലഴികളുമൊക്കെ നനഞ്ഞ തുണികൊണ്ടു തുടച്ചു വൃത്തിയാക്കിയിട്ട് അയാൾ പുറത്തേക്കിറങ്ങി.

പ്രഭാതകൃത്യങ്ങളും കുളിയും കഴിഞ്ഞ് നനഞ്ഞ മുടിയിൽനിന്ന് ഇറ്റുവീഴുന്ന വെള്ളത്തുള്ളികൾ സിമൻറിട്ട നിലത്തു പതിപ്പിച്ചുകൊണ്ട് അവൾ ഷെൽഫിലെ സാരികൾക്കിടയിൽ നിന്ന് ഒരു ഡയറി എടുത്തു കസേരയിൽ വന്നിരുന്നു. അടയാളമിട്ടുവെച്ച ഒരു പേജ് തുറന്നു മേശപ്പുറത്തു വെച്ചു.

ഉടലുകൾ തമ്മിൽ ചേർത്തുവെക്കുമ്പോൾ പുതുമഴ മണ്ണിൽ പതിക്കുമ്പോൾ എന്നപോലെ ഉടലിൽനിന്നൊരു ഗന്ധമുതിരാറുണ്ട്. പേരിടാനാവാത്തൊരു ഗന്ധം. എത്ര തിരഞ്ഞാലും ഒരത്തറുകുപ്പിയിലും കിട്ടാത്ത ഒന്ന്. ഒരു പൂവിനും സ്വന്തമാക്കാനാവാത്ത ഒന്ന്.. ഒരാൾക്കു മാത്രം എന്നിൽ തൊട്ടുണർത്താൻ കഴിയുന്ന ഒന്ന്..

എവിടെയായിരുന്നു അത് കളഞ്ഞുപോയത്?

ഏതു കാറ്റ് വന്നു കവർന്നു?

ഏതു മഴയിലലിഞ്ഞു?

ഇന്നു ഞാനൊരു നിർഗന്ധപുഷ്പം. ഡയറിത്താളിൽ കുനുകുനെ നിറഞ്ഞ കറുത്ത അക്ഷരങ്ങൾ ഹൃദയരക്തം പേനയിൽ നിറച്ചാണ് താനെഴുതിയത് എന്നവൾക്കു തോന്നി. ഹൃദയം തേങ്ങി. എന്തിനായിരുന്നു ഒരുവാക്കുപോലും പറയാതെ നീയെന്നെ തനിച്ചാക്കിപ്പോയത്?

ആഹ്ലാദങ്ങൾക്ക് അരനാഴികനേരം എന്ന് ജീവിതം പഠിപ്പിച്ചുറപ്പിച്ച ഒരുവൾക്ക് പ്രണയത്തോടെ ചേർത്തുപിടിക്കുമ്പോൾ പോലും മനസ്സിൽ പ്രാർഥനയായിരുന്നു. അവസാനിക്കരുതേ ഈ നിമിഷങ്ങൾ എന്ന പ്രാർഥന. ഒപ്പം കൂട്ടാനായിരുന്നില്ലെങ്കിൽ എന്തിനായിരുന്നു ഉറഞ്ഞുകിടന്നൊരു ശിലയെ നിൻെറ വിരൽകൊണ്ട് തൊട്ട് ഒരു പെണ്ണാക്കി മാറ്റിയത്?

അവൾ കിതച്ചു. ഇനിയും ഈ മനോവേദന താങ്ങാൻ വയ്യ. ചോദ്യങ്ങളില്ലാതെ നിൻെറ പ്രണയം ഏറ്റുവാങ്ങിയവൾ ഇതാ വന്നിരിക്കുന്നു. ചോദ്യങ്ങൾ ചോദിക്കാൻ...

'മോളേ... അമ്മ വിളിക്കുന്നു. ഒന്നവിടം വരെ ചെല്ലാൻ പറഞ്ഞു.' വാസ്വേട്ടൻ വന്നു വിളിച്ചപ്പോൾ അവൾ മുഖം കഴുകിത്തുടച്ച് അമ്മയുടെ മുറിയിലേക്ക് നടന്നു.

കസേരയിലിരുന്നു ജപമാല തെരുപ്പിടിച്ച് നാമം ജപിക്കുകയായിരുന്നു അമ്മ. അവൾ നിലത്ത് കാൽക്കലായി ചെന്നിരുന്നു.

'മുടി ഒട്ടും തോർത്തിയിട്ടില്ലല്ലേ?'

കുളികഴിഞ്ഞ് നനവ് മാറിയിട്ടില്ലാത്ത അവളുടെ തലമുടിയിൽ വിരലോടിച്ച് അമ്മ പതിയെ ചോദിച്ചു.

അവൾ മുഖമുയർത്തി ചിരിച്ചു. 'അവനും ഇങ്ങനെത്തന്നെയായിരുന്നു. കുളിച്ചാൽ ഒരിക്കലും തലതോർത്തില്ല.. വെള്ളമിറ്റിച്ചു മുറിയിലൊക്കെ നടക്കും. പിന്നാലെ നടന്നാലാ ഒന്ന് നിന്നുതരാ.. ചെറുപ്പത്തിലൊന്നും ഒരു കുഞ്ഞുപനി പോലും വരാതെയാ ഞാനവനെ നോക്കിയത്. വലുതായപ്പോളും കുട്ടിക്കളി മാറിയിട്ടില്ലായിരുന്നു. അടുക്കളയിലും പറമ്പിലും ഒക്കെ ഞാൻതന്നെ കിടന്നു പണിയെടുക്കുമ്പോ ഒരിക്കൽ പറഞ്ഞു, അമ്മയുടെ കഷ്ടപ്പാടൊക്കെ മാറ്റാൻ ഞാനൊരു വഴി കണ്ടുവെച്ചിട്ടുണ്ട്ന്ന്.

പിന്നാലെ നടന്നു ചോദിച്ചിട്ടും കള്ളൻ ഒന്നും വിട്ടുപറഞ്ഞില്ല. കണ്ണിൽ നോക്കാതെ എന്തൊക്കെയോ പറഞ്ഞ് ഒഴിഞ്ഞുമാറി. സമയാവുമ്പോ പറയാം ന്നും പറഞ്ഞു. പക്ഷേ.. സമയം അവന് ഒട്ടും ഇല്ലായിരുന്നു എന്ന് പാവം ൻെറ മോനറിഞ്ഞില്ലല്ലോ...'

ഞെട്ടലോടെ അവൾ മുഖമുയർത്തി. 'അമ്മ ആരെക്കുറിച്ചാ പറയുന്നത്? ' ഉള്ളിലൊരാന്തലോടെ അവൾ ചോദിച്ചു. 'എൻെറ മോനെക്കുറിച്ച്.. നിൻെറ കൂട്ടുകാരനെക്കുറിച്ച്..

എൻെറ ഒറ്റപ്പെടലിന് അവൻ പറയാതെ പറഞ്ഞ ആ വഴി നീയായിരുന്നു എന്നെനിക്കിപ്പോ തോന്നുന്നു. ചിലപ്പോഴത് തെറ്റായിരിക്കാം. എന്നാലും ഞാനങ്ങനെ വിശ്വസിക്കട്ടേ മോളേ..?' അവരവളുടെ കണ്ണുകളിലേക്ക് നോക്കാതെ തുടർന്നു. 'അവൻ പറയാതെത്തന്നെ എനിക്കവനെ മനസ്സിലാക്കാൻ കഴിയും. ഞാനവൻെറ അമ്മയല്ലേ...' അവർ സാരിത്തുമ്പ് എടുത്ത് മുഖം അമർത്തിത്തുടച്ചു.


അവൾ ശിലപോലെ അനക്കമറ്റിരിക്കുകയായിരുന്നു. അമ്മയുടെ വാക്കുകളും അവയെ ഇടക്കിടെ മുറിക്കുന്ന ഗദ്ഗദങ്ങളും തേങ്ങലുകളും ഒന്നും അവൾ കേൾക്കുന്നുണ്ടായിരുന്നില്ല. ഇമ ചിമ്മാൻ പോലും മറന്ന കണ്ണുകൾ നിശ്ശബ്ദമായൊഴുകുന്ന രണ്ടു പുഴകളായി. അതിൻെറ നനവ് അമ്മയുടെ കൈവിരലുകളെ നനച്ചുകൊണ്ടിരുന്നു. അപ്പോൾ അവർക്കു മാത്രം തിരിച്ചറിയാവുന്നൊരു ഗന്ധവുമായി കടന്നുവന്നൊരു കാറ്റ് ഇരുവരെയും തലോടിനിന്നു. ●

പുസ്തകം




**ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവും (ശാസ്ത്രം)**
ഡി.വി. സിറിൾ
പേജ്: 142, വില: 150.00
ഡി.സി ലൈഫ്

കാലാവസ്ഥ വ്യതിയാനത്തിൻെറ കാരണങ്ങളും അനന്തരഫലങ്ങളും അന്വേഷിക്കുന്ന പുസ്തകം. കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ പ്രയോജനപ്രദം.




**ബുദ്ധ സാക്ഷാത്കാരം (ലേഖനം)**
എഡി: രേണുക സിങ്
വിവ: സുനിൽ എം.എസ്
പേജ്: 206, വില: 210.00
ഡി.സി ബുക്സ്

ബുദ്ധമതത്തിൻെറ ചരിത്രപരവും രാഷ്ട്രീയപരവും സാമൂഹികവുമായ പശ്ചാത്തലത്തെയും അതിൻെറ വർത്തമാന സാധ്യതകളെയും വിശകലനം ചെയ്യുന്നു.




**കണ്ടൽക്കാടുകൾ (പരിസ്ഥിതി)**
സുരേഷ് മണ്ണാറശ്ശാല
പേജ്: 235, വില: 250.00
ഡി.സി റഫറൻസ്

കണ്ടൽച്ചെടികൾ ഏതൊക്കെ, എവിടെയെല്ലാം കാണപ്പെടുന്നു, അവ നിർവഹിച്ച പരിസ്ഥിതി സംരക്ഷണ ദൗത്യം, കേരളത്തിലെ കണ്ടൽക്കാടുകൾ എന്നിങ്ങനെ സമഗ്രമായി വിവരങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.




**1111 സാഹിത്യ ക്വിസ് (വിജ്ഞാനം)**
ജെറിൻ റാണി
പേജ്: 160, വില: 175.00
പൂർണ പബ്ലിക്കേഷൻസ്

ലോകസാഹിത്യം മുതൽ കേരളീയ സാഹിത്യം വരെ ഏറക്കുറെ സമഗ്രമായി കടന്നുവരുന്ന ചോദ്യങ്ങളുടെ ശേഖരം. വിദ്യാർഥികൾക്കും ഉദ്യോഗാർഥികൾക്കും ഉപകരിക്കും.



**ഇരുട്ടിൽ തനിയെ ഒരാൾ (കഥ)**
ബാലകൃഷ്ണൻ എടക്കയിൽ
പേജ്: 79, വില: 100.00
ഫിംഗർ ബുക്സ്

മനുഷ്യമനസ്സിൻെറ നിഷ്കളങ്കത അനാവരണം ചെയ്യുന്ന കഥകൾ, ഗ്രാമജീവിതത്തിൻെറ തുറസ്സും വിശുദ്ധിയും കഥാപാത്രങ്ങൾ അവകാശപ്പെടുന്നു.




**കേരള നവോത്ഥാനം പി.എസ്.സി പരീക്ഷകളിൽ**
രാജശ്രീ എം.ജി.
പേജ്: 88, വില: 80.00
എച്ച് ആൻഡ് സി പബ്ലിക്കേഷൻസ്

ചരിത്രം സൃഷ്ടിച്ചവരും മാറ്റിയെഴുതിയവരും ചലനങ്ങൾ ഉണ്ടാക്കിയവരുമായ നവോത്ഥാന നായകർ, നവോത്ഥാന പ്രസ്ഥാനങ്ങൾ തുടങ്ങിയ അറിവുകളുടെ സമാഹാരം.




**രാമനും വാല്മീകിയും ഞാനും (ലേഖനം)**
കെ.വി. മോഹൻകുമാർ
പേജ്: 160, വില: 160.00
സൈകതം ബുക്സ്

സമകാലിക യാഥാർഥ്യങ്ങളിലേക്കുള്ള എഴുത്തുകാരൻെറ എത്തിനോട്ടം. എഴുത്തിൻെറയും ദേശതനിമയുടെയും അപൂർവ അനുഭവങ്ങൾ ചേർത്തുവെച്ചിരിക്കുന്നു.



**ടിയെൻ ജോയ് ഓർമപ്പുസ്തകം (ഓർമ)**
എഡി: കെ.എം. ഗഫൂർ
പേജ്: 160, വില: 195.00
പുസ്തകപ്രസാധക സംഘം

ടി.എൻ. ജോയ് എന്ന വിപ്ലവകാരിയെ ഓർക്കുന്നു. സക്കറിയ, സച്ചിദാനന്ദൻ, ബി. രാജീവൻ, കെ.ജി.എസ്, കെ. വേണു, ജോയ് മാത്യു, സി.എസ്. വെങ്കിടേശ്വരൻ തുടങ്ങി നിരവധിപേർ എഴുതുന്നു.



● ചിത്രീകരണം: ജലാൽ അബൂസമ

# നടന്നുതീരാത്ത മരുവഴികൾ



ഹസ്ബുല്ല

ടി.എ. അബ്ദുൽ സമദ്

പാസ്പോർട്ടും വിസയുമൊന്നുമില്ലാതെ ഏറെ സാഹസികതയും യാതനയും സഹിച്ചായിരുന്നു 1954 ജനുവരിയിൽ മുംബൈയിൽ നിന്ന് പുറപ്പെട്ട് 121ാം ദിവസം തൃശൂർ ജില്ലയിലെ കാട്ടൂർ സ്വദേശി കൊരട്ടിപ്പറമ്പിൽ മക്കാർ ഹാജിയുടെ മകൻ ഹസ്ബുല്ല കുവൈത്തിലെത്തിയത്. സമുദ്രയാത്രയും വിമാനയാത്രയും നടത്തി ഗൾഫിലെത്തിയ കഥ പറയുന്നവർക്കുമുന്നിൽ ഹസ്ബുല്ലക്ക് അതിലും വിസ്മയകരമായ അനുഭവം പറയാനുണ്ട്.

മുംബൈയിലെ ബിസ്തിമുല്ലയിൽ ഒരു മലയാളിയുടെ കടയിൽ തയ്യൽക്കാരനായി ജോലി ചെയ്യുകയായിരുന്നു ഹസ്ബുല്ല. പിതാവിന്റെ ജ്യേഷ്ഠന്റെ മകനും ചരക്കുകപ്പലിലെ കപ്പിത്താനുമായ മൂഹമ്മദുണ്ണി സമുദ്രയാത്രക്കിടെ മുംബൈ തീരത്തെത്തിയപ്പോൾ ഹസ്ബുല്ലയെ കാണാനെത്തി. കപ്പലിൽ തനിക്കൊരു ജോലി വാങ്ങിത്തരണമെന്നായിരുന്നു ഹസ്ബുല്ലക്ക് പ്രധാനമായും ഈ കൂടിക്കാഴ്ചയിൽ ആവശ്യപ്പെടാനുണ്ടായിരുന്നത്. കുവൈത്തിൽ പെട്രോൾ ഉൽപാദനം ആരംഭിച്ചതും അവിടെ എത്തിപ്പെട്ടാൽ പണം സമ്പാദിക്കാനവസരമുണ്ടെന്നും മുഹമ്മദുണ്ണി പറഞ്ഞു. അതോടെ, എന്തു ത്യാഗം സഹിച്ചും കുവൈത്തിലെത്തണമെന്ന ഒരേയൊരു ചിന്ത മാത്രമായി. തയ്യൽക്കടയിൽ വരുന്നവരോടും പോകുന്നവരോടും കുവൈത്തിനെക്കുറിച്ചായി അന്വേഷണം. അറേബ്യൻ മരുഭൂമിയിൽ എണ്ണ ഉൽപാദനം ആരംഭിച്ച കുവൈത്തിനെക്കുറിച്ചറിയാനുള്ള വ്യഗ്രത കൂടിക്കൂടി വന്നു. കോഴിക്കോട്ടുനിന്നും കാസർകോട്ടുനിന്നുമൊക്കെ ലോഞ്ചിൽ സാഹസികയാത്രക്കു തയാറുണ്ടെങ്കിൽ കുവൈത്തിലെത്തിപ്പെടാമെന്നറിഞ്ഞു. എന്നാൽ, മുംബൈയിൽനിന്ന് നാട്ടിലേക്ക് മടങ്ങിപ്പോകാനുള്ള അവസ്ഥയൊന്നും ഹസ്ബുല്ലക്കന്നുണ്ടായിരുന്നില്ല. അന്ന് ഒരു ഷർട്ട് തയ്ച്ചാൽ കിട്ടുന്ന കൂലി പത്തണയായിരുന്നു. 16 അണയാണ് ഒരു രൂപ. മുംബൈയിൽ പലരോടും കുവൈത്തിൽ പോകാനുള്ള മാർഗമന്വേഷിച്ചു. ഒടുവിൽ കറാച്ചിയിൽ പോയാൽ അവിടെനിന്നു വളരെ എളുപ്പത്തിൽ പോകാമെന്നറിഞ്ഞു.

## ആദ്യം സിലോണിലേക്ക്

ജന്മസ്ഥലമായ കാട്ടൂരിലെ വീടിന്റെ കിഴക്കേ വീട്ടിലെ വലിയകത്ത് ഹബീബുല്ലയും ഏനാമാവിലുള്ള മാമാടെ മകൻ പോക്കാക്കില്ലത്ത് അബ്ദുല്ലയും ഒരുമിച്ചാണ്



ഹസ്ബുല്ല

കുവൈത്ത് യാത്രക്ക് പരിപാടി ഇട്ടത്. ഇതിനിടയിൽ പിതാവിന് സുഖമില്ലാതെ ഹസ്ബുല്ലക്ക് നാട്ടിൽ പോകേണ്ടിവന്നു. നാട്ടിൽ ചെന്നപ്പോൾ തൃശൂർ കലക്ടറേറ്റിൽനിന്ന് സന്ദർശന വിസയെടുത്ത് വാപ്പയുടെ ഇളയ സഹോദരൻ കുഞ്ഞുമരക്കാറിനൊപ്പം സിലോണിലേക്കായിരുന്നു (ശ്രീലങ്ക) ആദ്യ വിദേശയാത്ര. മൂന്നു മാസം കഴിഞ്ഞാണ് സിലോണിൽനിന്ന് നാട്ടിലേക്ക് മടങ്ങിയത്. ഏതാനും ദിവസത്തിനുശേഷം മുംബൈയിലേക്ക് പോയി. ഇതിനിടയിൽ ഏനാമാവിലെ അബ്ദുല്ല സുഹൃത്തിന്റെ സഹായത്തോടെ കുവൈത്തിലേക്ക് പോയതായറിഞ്ഞു. ഇതോടെ ഹസ്ബുല്ലയും ഹബീബുല്ലയും കുവൈത്തിലേക്ക് പോകാനുള്ള ശ്രമം ത്വരിതപ്പെടുത്തി. കറാച്ചിയിലെത്തിയാൽ കുവൈത്തിലെത്താമെന്ന കേട്ടറിവുവെച്ച് ഗുജറാത്ത് അതിർത്തിയിലെത്തി. അതുവഴി കറാച്ചിയിലെത്തിയശേഷം കേരള മുസ്ലിം ജമാഅത്ത് എന്ന സംഘടനക്കാരോട് അന്വേഷിച്ചപ്പോഴാണ് അവിടെ കുവൈത്ത് എന്നൊരു സ്ഥലമുണ്ടെന്നറിയുന്നത്. അത് കുവൈത്താണെന്നു തെറ്റിദ്ധരിച്ച് ആരോ പറഞ്ഞതാണെന്നു കേട്ടതോടെ കുവൈത്തിലെത്താനുള്ള സ്വപ്നം തകർന്നതിൽ വല്ലാത്ത നിരാശയായി.

## എത്തിയിട്ടും പുറത്തിറങ്ങാനാവാതെ

കറാച്ചി തുറമുഖം വഴി ഇറാഖിലെ ബസറയിലേക്ക് പോകുന്ന ദാരസ എന്ന കപ്പലിൽ തുടർ യാത്രക്കവസരമൊത്തു. ഏറെ ദുരിതങ്ങളോടെ മസ്കത്ത്, ഷാർജ, ദോഹ, ബഹ്റൈൻ തുറമുഖം വഴി കുവൈത്ത് തീരത്തിന് അടുത്തുവരെ എത്തി. എന്നാൽ, അക്കാലത്ത് തുറമുഖം പോലുമില്ലാത്ത കുവൈത്തിൽ കപ്പൽ നങ്കൂരമിട്ടത് കടലിലായിരുന്നു. യാത്രാ രേഖകൾ ഉള്ളവരെ ഒരു ബോട്ടെത്തി കപ്പലിൽനിന്ന് കുവൈത്ത് തീരത്തേക്കു കൊണ്ടുപോയി. എന്നാൽ, ഒരു രേഖയും കൈയിലില്ലാത്ത ഹസ്ബുല്ലയും ഹബീബുല്ലയും കപ്പലിൽനിന്ന് വെളിയിൽ കടക്കാൻ പഠിച്ചപണി പതിനെട്ടും നോക്കി. കപ്പൽ ജീവനക്കാരുടെ കൈയും കാലും പിടിച്ചു. കപ്പലിലെ സ്റ്റോർ കീപ്പറായ മലയാളി ജീവനക്കാരൻ കുവൈത്ത് തീരത്തേക്കു പോകാൻ ബുദ്ധിമുട്ടാണെന്നറിയിച്ചു. അടുത്ത സ്റ്റോപ് ഇറാഖിലെ ബസറ തുറമുഖമാണെന്നും അവിടെ ഇറങ്ങാൻ സഹായിക്കാമെന്നും പറഞ്ഞു. അവിടെനിന്ന് കരമാർഗം കുവൈത്തിലെത്താനാവുമെന്ന ആശ്വാസത്തിൽ ആ കപ്പലിൽതന്നെ ബസറയിലേക്ക് പോയി.

കപ്പൽ രാത്രിയാണ് ബസറ തീരത്തെത്തിയത്. യാത്രാരേഖയുള്ളവരെല്ലാം തുറമുഖത്തിറങ്ങി. പാതിരാത്രിയോടടുത്തപ്പോഴാണ് കപ്പലിൽനിന്ന് ഞങ്ങൾക്ക് മലയാളിയുടെ സഹായത്തോടെ തുറമുഖത്ത് ഇറങ്ങാനായത്. ബസറ തീരത്തിനു സമീപത്തെ റെയിൽവേ സ്റ്റേഷനിലേക്കാണ് ആദ്യം പോയത്. ആ രാത്രി അവിടെ കിടന്നു. നേരം വെളുത്തതോടെ പുറത്തുകടന്ന് തയ്യൽജോലി ലഭിക്കുമോ എന്നാണന്വേഷിച്ചത്.

## ബസറയിൽനിന്ന് നടന്നുനടന്ന്

പാസ്പോർട്ടും വിസയുമൊന്നുമില്ലാത്തതിനാൽ ജോലി കണ്ടെത്തൽ ശ്രമം പരാജയപ്പെട്ടു. കുവൈത്തിൽനിന്ന് കപ്പലിൽ ബസറയിലേക്കുവരുമ്പോൾ വീതികുറഞ്ഞ കടലിടുക്കിലൂടെയായതിനാൽ തീരദേശത്തെ മൺപാതയിലൂടെ ഏതാനും വാഹനങ്ങൾ പോകുന്നത് പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ബസറയിൽനിന്ന് കുവൈത്ത് ഭാഗത്തേക്കുള്ള കടൽത്തീരത്തെ കാലടിപ്പാതയിലൂടെ നടന്നാണെങ്കിലും കുവൈത്തിൽ എത്തണമെന്നതായിരുന്നു ഞങ്ങളുടെ ലക്ഷ്യം. അങ്ങനെ തീരത്തെ ചളി ഉറച്ച നടപ്പാതയിലൂടെ നടന്നു. മണിക്കൂറുകളോളം നടന്നുനടന്ന് ഒരു ചെക്ക് പോസ്റ്റിൽ എത്തി. ഉദ്യോഗസ്ഥർ എന്തൊക്കെയോ അറബിയിൽ ചോദിച്ചു. എല്ലാ ചോദ്യത്തിനും മുസാഫിർ എന്നു പറഞ്ഞപ്പോൾ അവിടെനിന്നു മുന്നോട്ടുപോകാൻ അനുവദിച്ചു. കുഗ്രാമങ്ങൾ താണ്ടി ഒരു ഈന്തപ്പനത്തോട്ടത്തിലെത്തി. കടലോരത്തുകൂടെ കുവൈത്ത് അതിർത്തി ലക്ഷ്യമാക്കി പിന്നെയും നടന്നു. വല്ലാത്ത വിശപ്പും ദാഹവും. ഒരു തുള്ളി വെള്ളംപോലുമില്ല.

കടലോരത്തുകൂടിയുള്ള യാത്രക്കിടെ കഠിനമായ ദാഹംമൂലം കൈക്കുമ്പിളിൽ കടൽവെള്ളമെടുത്ത് കുടിക്കാനും ശ്രമിച്ചു. കഠിനമായ ഉപ്പുരസം. ഒട്ടും ഇറക്കാനാവാതെ തുപ്പിക്കളഞ്ഞു. ദാഹത്തോടൊപ്പം നടന്നുള്ള ക്ഷീണവും അവശരാക്കി. കുറെക്കൂടി മുന്നോട്ടു നടന്നപ്പോൾ വെള്ളം ഒലിച്ചുവരുന്നൊരു നീർച്ചാൽ കണ്ടു. ചളി കലങ്ങിയ വെള്ളം കൈക്കുമ്പിളിൽ എടുത്ത് ആർത്തിയോടെ കുടിച്ചു. നിവൃത്തികേടുകൊണ്ടു മാത്രമാണ് കുടിക്കാൻ പറ്റാത്ത ചളിവെള്ളം മോന്തി ദാഹം തീർത്തത്. വെള്ളം കുടിച്ച് വയർനിറച്ചപ്പോൾ ആശ്വാസം. തൊട്ടടുത്ത വലിയൊരു ഈന്തപ്പനച്ചുവട്ടിൽ കിടന്നുറങ്ങി. നേരം പുലർന്നപ്പോൾ ഞങ്ങൾ എഴുന്നേറ്റു വീണ്ടും നടന്നു. 1954 ജനുവരിയിൽ തുടങ്ങിയ യാത്ര മാർച്ചിലെത്തി. നടന്നുനടന്ന് ഒരു നമസ്കാരപ്പള്ളിക്കടുത്തെത്തി. ഉച്ചസമയം. പള്ളിയിൽ കയറി നമസ്കരിക്കാവുന്ന ശുദ്ധിയൊന്നും മാസങ്ങൾ നീണ്ട യാത്രയിൽ വസ്ത്രങ്ങൾക്കില്ലായിരുന്നു. എങ്കിലും, അംഗശുദ്ധി വരുത്തി പള്ളിക്കകത്ത് നമസ്കരിച്ചു. മുഷിഞ്ഞ് ക്ഷീണിതരായ ഞങ്ങൾക്കരികിലെത്തിയവരോട് അജ്നബി അഥവാ അഭയാർഥികളാണെന്നറിയിച്ചു. മധ്യാഹ്ന നമസ്കാരത്തിനുശേഷം പള്ളിയോടു ചേർന്നുള്ള റൂമിൽ അവിടെയുള്ളവർ കിടക്കാനുള്ള സൗകര്യമൊരുക്കി. വലിയൊരു തളികയിൽ ഭക്ഷണവും വെള്ളവും കിട്ടി. മൂന്നുദിവസത്തെ താമസത്തിനിടെ വസ്ത്രങ്ങളൊക്കെ കഴുകി. കുളിച്ചു യാത്ര തുടരാനുള്ള തയാറെടുപ്പിനിടെ കടലിൽ പായ്ക്കപ്പലിൽ പോയി മീൻപിടിക്കുന്നവരെ കണ്ടു.

## പായ്വഞ്ചിയിൽ സാഹസിക യാത്ര

മത്സ്യബന്ധന ലോഞ്ചിലെ മൂന്നു തൊഴിലാളികൾക്കൊപ്പം കുവൈത്തിലേക്ക് പോകാനുറച്ചു. ഞങ്ങൾ പറയുന്നത് അവർക്കും അവർ പറയുന്നത് ഞങ്ങൾക്കും മനസ്സിലായില്ലെങ്കിലും അവർക്കൊപ്പം മത്സ്യം പിടിക്കുന്നവരായി ഞങ്ങളും പായ്വഞ്ചിയെന്നു വിളിക്കാവുന്ന ഇടത്തരം വഞ്ചിയിൽ സാഹസികമായ സമുദ്രയാത്ര പുനരാരംഭിക്കുകയായിരുന്നു. ഈ മത്സ്യബന്ധന വഞ്ചിയിലെ സമുദ്രയാത്രക്കൊടുവിൽ മീൻപിടിത്തക്കാരായ അറബികൾ കുവൈത്ത് കസ്റ്റംസിനു സമീപത്തെ ജെട്ടിയിലെത്തിച്ചു. സമീപത്തെ പൊലീസ് സ്റ്റേഷനിലേക്കാണ് കസ്റ്റംസ് ഉദ്യോഗസ്ഥർ ഞങ്ങളെ കൊണ്ടുപോയത്.

ബന്ധുവായ അബ്ദുല്ലയെ ഒന്നു കാണണമെന്ന ആഗ്രഹം പറഞ്ഞു. കാലിക്കറ്റ് ഹോട്ടലിന്റെ മേൽവിലാസത്തിലായിരുന്നു അബ്ദുല്ല. പൊലീസുകാരുടെ നിർദേശാനുസരണം ബോട്ടിലെത്തിയ മീൻപിടിത്തക്കാരിൽ ഒരാളെ കൂട്ടി തൊട്ടടുത്തുതന്നെയുള്ള കാലിക്കറ്റ് ഹോട്ടലിലെത്തി. അടുത്തിടെ എത്തിയ മാമാടെ മകനായ അബ്ദുല്ലയെ കണ്ടെത്താൻ പ്രയാസമുണ്ടായില്ല. എന്നാൽ, യാത്രാരേഖയൊന്നും ഇല്ലാത്തവർക്ക് ഒരു കുവൈത്തി പൗരൻ ഉത്തരവാദിത്തം ഏറ്റെടുത്താലേ പുറത്തിറങ്ങാൻ കഴിയൂ എന്നകാര്യം ബോധ്യമായി. അല്ലെങ്കിൽ വന്ന ബോട്ടിൽ തന്നെ മടങ്ങിപ്പൊയ്ക്കോളണമെന്നതാണ് നിയമം. ആരും ഏറ്റെടുക്കാനില്ലാതെ മത്സ്യത്തൊഴിലാളികൾക്കൊപ്പം തന്നെ ബസറയിലേക്ക് മടങ്ങേണ്ട അവസ്ഥ. ഇതുവരെ നടത്തിയ ശ്രമം വിഫലമായതിന്റെ നിരാശ.

> പറഞ്ഞാലും എഴുതിയാലും തീരാത്ത കഥകളാണ് മലയാളിയുടെ ഗൾഫ് പ്രവാസത്തിനുള്ളത്. മരുപ്പച്ച തേടി കുവൈത്തിൽ എത്തിയ ആദ്യകാല മലയാളികളിൽ ഒരാളാണ് ഹസ്ബുല്ല. ആറര പതിറ്റാണ്ടു മുമ്പ് ഇറാഖിലെ ബസറയിൽനിന്ന് മരുഭൂമിയിലൂടെ ആഴ്ചകളോളം നടന്ന് കുവൈത്തിലെത്തിയതിന്റെ തീക്ഷ്ണമായ അനുഭവം പറയുകയാണ് അദ്ദേഹം

## വേദനിപ്പിക്കുന്ന മടക്കയാത്ര

മത്സ്യബന്ധന പായ്ക്കപ്പലിൽതന്നെ ബസ്റയിലേക്ക് തിരിക്കാൻ ഞങ്ങൾ നിർബന്ധിതരായി. മത്സ്യം പിടിക്കുന്നവർക്കൊപ്പം ബസ്റ തീരത്തെത്തുമ്പോൾ വേലിയിറക്ക സമയമായതിനാൽ പായ്ക്കപ്പൽ തീരത്തുനിന്ന് വളരെ അകലെ കടലിൽതന്നെ നങ്കൂരമിട്ടു. വെള്ളത്തിലിറങ്ങാൻ വല്ലാത്ത പേടി. ആഴക്കൂടുതലുണ്ടോ എന്നായിരുന്നു സംശയം. അറബിതന്നെ വെള്ളത്തിലിറങ്ങി കാണിച്ചുതരണമെന്നായി. ഒടുവിൽ അയാളുടെ കഴുത്തിനൊപ്പം വെള്ളം കണ്ടതോടെ സമാധാനമായി. ഞങ്ങളും ഇറങ്ങി. ഇയാളുടെ പിന്നാലെ ബസറ തീരം ലക്ഷ്യമാക്കി നടന്നു. ബസറയിൽ നേരത്തേ വന്നു ബസിറങ്ങിയ സ്ഥലത്തെത്തി രണ്ടാം യാത്രക്കുള്ള ശ്രമം ആരംഭിച്ചു. ചെക്ക്പോസ്റ്റിനരികിൽ വടക്കേ ഇന്ത്യക്കാരുടെ ഒരു അലക്കുപീടിക കണ്ടു. അവിടെ കുറച്ചുനേരം വിശ്രമിച്ച് നേരത്തേ ചെയ്തതുപോലെ തീരത്തുകൂടിയുള്ള കാൽനട യാത്ര തുടർന്നു.

എണ്ണ ഉൽപാദന കമ്പനിയുടെ തീജ്വാല അകലെ കാണുന്നത് ലക്ഷ്യമാക്കിയുള്ള കാൽനടയാത്ര തുടർന്നുകൊണ്ടേയിരുന്നു. തരിശുഭൂമിയിലൂടെ നടന്നു നടന്ന് ഉച്ചയായപ്പോൾ അകലെ ഒരു അറബി സ്ത്രീ ആടിനെ മേയ്ക്കുന്നതായി കണ്ടു. അവർ തന്ന വെള്ളവും ഉണക്ക കുബ്ബൂസും തിന്ന് വയർ നിറച്ചു. കുറെക്കൂടി മുന്നോട്ടു പോയപ്പോൾ 500 രൂപ കൊടുത്താൽ കുവൈത്തിലെത്തിക്കാമെന്നു പറഞ്ഞ് ഒരു അറബി പിന്നാലെ കൂടി. അവിടെച്ചെന്നിട്ടു തരാമെന്നു പറഞ്ഞു. എന്നാൽ, തങ്ങളെ കബളിപ്പിക്കുമെന്ന സംശയം ഉടലെടുത്തതോടെ അയാളെ ഒഴിവാക്കി നടന്നു. സന്ധ്യ കഴിഞ്ഞതോടെ കുറെ അകലെ റാന്തൽ വെളിച്ചം കണ്ടു. അതു ലക്ഷ്യമാക്കി ചെന്നപ്പോൾ അത് അറബികളുടെ മജ്ലിസ് ടെൻറായിരുന്നു. അവിടെ ഉണ്ടായിരുന്ന ഇറാനികൾ അതിനുള്ളിലിരുത്തി. ഭക്ഷണം തന്നു. മുസാഫിറുകളെന്ന നിലയിൽ പോകുമ്പോൾ മൂന്നു ഗ്യാലൻ വെള്ളം, ഒരു പൊതി ഈത്തപ്പഴം, കുബ്ബ്സ് എന്നിവ ഒരു സഞ്ചിയിലാക്കി തന്നു. അവിടെനിന്ന് നടന്നെത്തിയത് സന്ധ്യയോടെ ഒരു ഫാക്ടറിയുടെ ക്യാമ്പിലായിരുന്നു. വസ്ത്രമൊക്കെ കഴുകി അവിടെ ആ രാത്രി വിശ്രമിച്ചു. അവിടെനിന്ന് വെള്ളവും ഈത്തപ്പഴവും കുബ്ബ്സും ശേഖരിച്ചു.

## ആട്ടിടയനോടൊപ്പം മരുമണൽ താണ്ടി

പിറ്റേന്ന് രാവിലെ പദയാത്ര തുടർന്നു. അതിനിടയിൽ ഒരു ലോറിക്കാരൻ ഞങ്ങൾക്കരികിൽ നിർത്തി. കുവൈത്തിലേക്കുള്ള യാത്രാലക്ഷ്യം അറിയിച്ചപ്പോൾ ഒരു ആട്ടിടയനെ അന്വേഷിച്ചയാൾ കണ്ടെത്തി. 400 രൂപ കൊടുത്താൽ കുവൈത്തിലെത്തിക്കാമെന്ന് ബദുവായ ആട്ടിടയൻ ഉറപ്പുപറഞ്ഞു. അയാളുടെ ടെലിഫോൺ നമ്പറും ഒരു കുറിപ്പും തന്നു. ലക്ഷ്യസ്ഥാനത്തെത്തിയാൽ ഈ കുറിപ്പ് ആട്ടിടയനായ ബദുവിനെ ഏൽപിക്കാനും നിർദേശിച്ചു. നിങ്ങൾ അവിടെ എത്തിയെന്ന് ഉറപ്പാക്കാനാണിതെന്നും അയാൾ പറഞ്ഞു.



ഹസ്ബുല്ല (പഴയ ചിത്രം)

അവിടെനിന്ന് അയാൾക്കൊപ്പം മരുഭൂമിയിലൂടെ നടന്നു. അയാളോടൊപ്പമുണ്ടായിരുന്ന കഴുതപ്പുറത്ത് ഭക്ഷണസാധനങ്ങളും വെള്ളവും വെച്ചുകെട്ടി. രണ്ടുദിവസം കഴിഞ്ഞപ്പോഴേക്കും കഴുത അവശനായി. കഴുതയെയും പൊക്കിനടക്കേണ്ട അവസ്ഥയിലെത്തിയപ്പോൾ കഴുതയെ മരുഭൂമിയിൽ ഉപേക്ഷിച്ചായിരുന്നു യാത്ര. എണ്ണക്കമ്പനിയിൽനിന്നുയരുന്ന തീജ്വാല കാണുന്ന ഭാഗത്തേക്ക് കണ്ണുംനട്ട് കുവൈത്ത് ലക്ഷ്യമാക്കിയുള്ള യാത്ര തുടർന്നുകൊണ്ടേയിരുന്നു. ഇതിനിടെ ധരിച്ചിരുന്ന ചെരിപ്പ് തേഞ്ഞു. ദ്വാരം വീണു. വാറുകൾ ഇടക്കിടെ വിട്ടുപോകുന്ന ചെരിപ്പിട്ടു നടക്കാനും പ്രയാസം. യാത്രക്കിടെ അതും ഉപേക്ഷിച്ചു. നിവൃത്തിയില്ലാതെ നഗ്നപാദരായി പിന്നെ നടത്തം. ബദു തന്ന മുഷിഞ്ഞുനാറിയ കന്തൂറയും ധരിച്ചായിരുന്നു യാത്ര.

ബസറയിൽനിന്ന് രാത്രിയും പകലുമായുള്ള യാത്ര തുടങ്ങി ഒമ്പതാം ദിവസം ജഹറയെന്ന ഇറാഖ്-കുവൈത്ത് അതിർത്തിയിലെത്തി. ആടിനെ കുവൈത്ത് മാർക്കറ്റിലേക്ക് കൊണ്ടുപോകുന്ന ഒരു ആട്ടിടയനൊപ്പം ഞങ്ങളും കയറിപ്പറ്റി. ആടുകൾക്കിടയിൽ വെളിയിൽനിന്നു നോക്കിയാൽ കാണാത്തവിധം വാഹനത്തിൽ മൃഗങ്ങൾക്കൊപ്പം ഇരുന്നു. കുവൈത്തിലെ സഫാത്ത് റൗണ്ട് എബൗട്ടിനു സമീപത്തെ ആടു മാർക്കറ്റിനു സമീപം ഇറക്കി. സഫാത്ത് വഴി നടന്നാണ് കാലിക്കറ്റ് ഹോട്ടലിലെത്തിയത്. അവിടെ എത്തിയ അബ്ദുല്ലയാണ് ആട്ടിടയനുള്ള 400 രൂപ പ്രതിഫലവും ഞങ്ങളെ ഏൽപിച്ച ട്രക്ക് ഡ്രൈവറുടെ കുറിപ്പും ആട്ടിടയനായ ബദുവിന് കൊടുത്തത്.

ത്യാഗനിർഭരമായ ഈ കുവൈത്ത് യാത്രയിൽ കാലുകുത്തിയ സഫാത്ത് റൗണ്ട് എബൗട്ടിനു സമീപത്തായിരുന്നു ആടു മാർക്കറ്റും അമീൻ അൽആം കോടതിയും പൊലീസ് സ്റ്റേഷനും സ്ഥിതി ചെയ്തിരുന്നത്. തൃശൂർ ജില്ലയിൽനിന്ന് പോക്കാക്കില്ലത്ത് അബ്ദുല്ലയും പാടൂർ സ്വദേശി അബ്ദുറഹ്മാനുമായിരുന്നു അക്കാലത്ത് കുവൈത്തിലുണ്ടായിരുന്നത്. മൂന്നാമനും നാലാമനുമായി ഹസ്ബുല്ലയും ഹബീബുല്ലയും. കാസർകോട്ടുനിന്നും കോഴിക്കോട്ടുനിന്നും ഉൾപ്പെടെ അക്കാലത്താകെയുണ്ടായിരുന്ന മലയാളികൾ വെറും 12 പേർ മാത്രം. ജോലി ആരംഭിക്കുന്നത് ഒരു പാകിസ്താനിയുടെ ടെയ്ലറിങ് ഷോപ്പിലായിരുന്നു. പ്രതിമാസം 150 രൂപ ശമ്പളം. അക്കാലത്ത് കുവൈത്തിൽ ഇന്ത്യൻ രൂപയായിരുന്നു ഉപയോഗിച്ചിരുന്നത്. ഒരു കൊല്ലം ഈ ജോലി തുടർന്നു. അതിനുശേഷമാണ് സ്വന്തം കട തുടങ്ങിയത്. സാൽമിയ എന്ന സ്ഥലത്താണ് കട തുറന്നത്. കടക്കു പേരൊന്നുമില്ല. ഏതാനും മലയാളികളാണ് അവിടെ ഉണ്ടായിരുന്നത്. അവരുടെ പരിചയത്തിലാണ് ജ്യേഷ്ഠൻ കുഞ്ഞഹമ്മുവിന് വിസ എടുത്തയച്ചത്. അദ്ദേഹവും തയ്യൽക്കാരനായിരുന്നു. വലിയ മെച്ചമില്ലാതിരുന്ന തന്റെ കടയിൽ ജോലിചെയ്യാതെ ജ്യേഷ്ഠനും ഒരു പാകിസ്താനിയുടെ കടയിലാണ് ജോലി ആരംഭിച്ചത്.

## ആദ്യ അവധിയാത്ര

1957ലാണ് ആദ്യമായി കപ്പലിൽ തന്നെ നാട്ടിലേക്ക് അവധിക്കുപോകുന്നത്. അന്ന് പാസ്പോർട്ടില്ലാത്തവർക്ക് ബ്രിട്ടീഷ് കൗൺസിലിൽ ചെന്നാൽ താൽക്കാലികമായി ഔട്ട്പാസ് തരും. ഇതുമായി കപ്പലിൽ നാട്ടിൽ പോകാം. നാട്ടിൽനിന്ന് സ്വന്തം പേരിൽ ആരെങ്കിലും തപാലിൽ അയച്ച കത്തുകൊടുത്താൽ അതു തെളിവായി പരിഗണിച്ച് എമർജൻസി പാസ് തരുമായിരുന്നു. അങ്ങനെ മുംബൈ വഴി നാട്ടിലേക്ക് മടങ്ങി. നാട്ടിൽനിന്ന് കുവൈത്തിലേക്ക് മടങ്ങാൻ പുതിയ പാസ്പോർട്ട് എടുക്കണമായിരുന്നു. മദ്രാസിലാണ് അക്കാലത്ത് തൊട്ടടുത്തുള്ള പാസ്പോർട്ട് ഓഫിസ്. ഏറെ കാത്തിരിപ്പിനുശേഷം പാസ്പോർട്ട് കിട്ടി. അതിന്റെ പകർപ്പ് കുവൈത്തിലുള്ള ജ്യേഷ്ഠനയച്ചുകൊടുത്തു. ജ്യേഷ്ഠൻ കുഞ്ഞഹമ്മു തരപ്പെടുത്തിയ വിസ കിട്ടിയ ഉടനെ മുംബൈയിലെത്തി എമിഗ്രേഷൻ നടപടികൾ പൂർത്തിയാക്കി കപ്പലിൽ കുവൈത്തിലേക്ക് യാത്രാരേഖകളോടെ എത്തി.

ആറര പതിറ്റാണ്ട് മുമ്പ്, 20ാം വയസ്സിൽ പലവട്ടം നടത്തിയ സാഹസിക യാത്രക്കൊടുവിൽ പ്രവാസം ആരംഭിച്ച ഹസ്ബുല്ലക്കിപ്പോൾ 85 വയസ്സ് പിന്നിട്ടിരിക്കുന്നു. മുമ്പുള്ള ഓരോ കാര്യവും ഇന്നലെ കഴിഞ്ഞതുപോലെയാണ് മനസ്സിലുള്ളതെന്നും ഹസ്ബുല്ല പറയുന്നു. പ്രമുഖ വ്യവസായി എം.എ. യൂസുഫലിയുടെ ഭാര്യ സാബിറയാണ് മൂത്ത മകൾ. പരേതനായ കാട്ടൂർ പോക്കാക്കില്ലത്ത് ബഷീറിന്റെ ഭാര്യ ഷാഹിദ രണ്ടാമത്തെ മകളും മസ്കത്തിലെ ലുലു ഗ്രൂപ് റീജനൽ ഡയറക്ടർ ഷെബീർ ഇളയ മകനുമാണ്. ●